# ദി ഡിഫെൻഡർ

Vol. No. 13 Issue No. 17 RNI Reg. No. 68089 / 97 Published From Perumbavoor 2010 September 1 Price: Rs.100/- P.A.


## സഭയുടെ സ്റ്റേഡിയം ഓവർസിയർ വിറ്റു

ചർച്ച് ഓഫ് ഗോഡ് കേരള റീജിയന്റെ സ്റ്റേഡിയം ഓവർസിയറായ തോമസ് ജോൺ വിറ്റു. 2009 ഏപ്രിൽ 13ന് തീറാധാരം രജിസ്റ്റർ ചെയ്തു. ആലപ്പുഴ ജില്ലയിൽ പുളിങ്കുന്നിലുള്ള റാണി മാത്യു എന്ന അദ്ധ്യാപികയാണ് സ്ഥലം വാങ്ങിയത്. 72 ആർ (ഏകദേശം 180 സെന്റ്) സ്ഥലം നാലരലക്ഷം രൂപയ്ക്കു വിറ്റതായാണ് ആധാരത്തിൽ കാണുന്നത്. അതീവ രഹസ്യമായി നടന്ന ഈ ഇടപാട് ഏതാനും ദിവസം മുൻപാണു പരസ്യമായത്.

കേരള റീജിയന്റെ കൺവൻഷനുകൾ നടത്താനുള്ള സ്റ്റേഡിയം നിർമ്മിക്കാനാണ് ഈ സ്ഥലം സണ്ണി വർക്കിയുടെ കാലത്തു വാങ്ങിയത്. എന്നാൽ നിലമായിരുന്നതിനാൽ മണ്ണിട്ടു നികത്താതെ ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് ബ്ലേഡ് കമ്പനിയിൽ നിന്നു പണം കടമെടുത്ത് നിലം മണ്ണിട്ടു നികത്തിയെന്നും ആ വകയിലുണ്ടായ കടം പലിശയും പലിശയുടെ പലിശയുമായി വളർന്നപ്പോൾ സ്റ്റേഡിയം വിൽക്കേണ്ടതായി വന്നു എന്നുമാണ് പറയപ്പെടുന്നത്. ഇതാണു സത്യമെങ്കിൽ നേതൃസ്ഥാനത്തുള്ളവരുടെ അറിവും സമ്മതവും കൂടാതെ ഇടപാടുകൾ നടത്തിയതെന്തിന് എന്ന ചോദ്യത്തിന് ഉത്തരമില്ല. നേരായ വഴിയിലൂടെ ഉണ്ടായ കടമാണെങ്കിൽ എല്ലാ ഇടപാടുകളും പരസ്യമായി നടത്താമായിരുന്നു.

സ്റ്റേഡിയം വിറ്റ വിവരം പുറത്തായതോടെ തോമസ് ജോണിനെ എല്ലാവരും കൈവിട്ടു. മേലധികാരികളുടെ ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകുവാൻ തോമസ് ജോണിനു കഴിഞ്ഞതുമില്ല. അങ്ങനെ പാസ്റ്റർ തോമസ് ജോൺ സസ്പെൻഷനിലായെന്നും താത്ക്കാലിക ഓവർസിയറായി പാസ്റ്റർ കെ.സി. ജോൺ (മുളക്കുഴ) ചാർജ് എടുത്തു എന്നുമാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ഔദ്യോഗിക അറിയിപ്പ് ഉണ്ടായിട്ടില്ല.



പാസ്റ്റർ തോമസ് ജോൺ

ഈ സംഭവത്തോടെ കേരള റീജിയനിൽ ഗുരുതരമായ പ്രതിസന്ധിയാണ് ഉണ്ടായിരിക്കുന്നത്. തീറാധാരം നടന്നു കഴിഞ്ഞിരിക്കെ സഭയ്ക്ക് ആ സ്ഥലത്തിൻമേൽ അവകാശമില്ലാതായിരിക്കയാണ്. ഇനി അതു തിരിച്ചു കിട്ടണമെങ്കിൽ റാണി മാത്യു ചോദിക്കുന്ന വില കൊടുക്കണം. അടുത്ത ഓവർസിയർ ആരായിരിക്കും എന്നു നിശ്ചയമില്ല. സണ്ണി വർക്കിയും മറ്റു രണ്ടു പേരും കളത്തിലുണ്ട്. ചിത്രം വ്യക്തമായി വരുന്നതേയുള്ളൂ.

## ബർണ്ണാഡ് ബ്ലസ്സിംഗ് വിവാദക്കുരുക്കിൽ

അപ്പോസ്തലനും പ്രവാചകനും സർവ്വോപരി ഡാക്കിട്ടറുമായ ബർണ്ണാഡ് ബ്ലസ്സിംഗ് വീണ്ടും വിവാദക്കുരുക്കിൽ അകപ്പെട്ടിരിക്കയാണ്. ബ്ലസ്സിംഗ് ഒന്നാംതരം വ്യാജനാണ് എന്നു തെളിവുകൾ സഹിതം സ്ഥാപിക്കുന്ന ഒരു വെബ്സൈറ്റാണ് ഇപ്പോൾ പ്രശ്നത്തിനു വഴി വച്ചിരിക്കുന്നത്. ഈ വെബ്സൈറ്റിൽ പറയുന്ന കാര്യങ്ങൾ തെറ്റാണെന്നു പറയാൻ ബ്ലസ്സിംഗിനു കഴിയുന്നതുമില്ല. അതുകൊണ്ട് ബർണ്ണാഡ് ബ്ലസ്സിംഗ് സുരേഷ് ബാബുവിനെ വെല്ലുന്ന വ്യാജനാണെന്നു വ്യക്തമായിരിക്കയാണ്.

തിരുവനന്തപുരം, തിരുവല്ല, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ വർഷം ബർണ്ണാഡ് ബ്ലസ്സിംഗിന്റെ യോഗങ്ങൾ ക്രമീകരിച്ചിരുന്നെങ്കിലും നടത്താൻ കഴിഞ്ഞില്ല. ഏറെ വിവാദങ്ങൾക്കു വഴിവച്ച ഒരു പ്രശ്നമായിരുന്നു അത്. ആ വിവാദം ഒട്ടൊക്കെ കെട്ടടങ്ങിയപ്പോഴാണ് ഇംഗ്ലണ്ടിലുള്ള ചിലർ ബ്ലസ്സിംഗിന്റെ യോഗങ്ങൾ ക്രമീകരിച്ചത്. സെപ്റ്റംബർ 3, 4 തീയതികളിൽ ലണ്ടനിലും 5ന് ലിവർപൂളിലും യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. അതിനിടയിലാണ് യുഗാന്ത്യസന്ദേശത്തിൽ ബർണ്ണാഡ് ബ്ലസ്സിംഗിനെതിരെ വാർത്ത വന്നത്. അതു വ്യാജവാർത്തയാണെന്നു പറഞ്ഞു തള്ളിക്കളയാൻ ചില തല്പര കക്ഷികൾ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ആരോപണങ്ങൾക്കു മറുപടി പറയണമെന്ന് ആവശ്യപ്പെട്ടു ചിലർ ബ്ലസ്സിംഗിനു കത്തയച്ചെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചുമില്ല. അങ്ങനെ ബ്ലസ്സിംഗിന്റെ തട്ടിപ്പു പുറത്തായി. സാക്ഷ്യമെന്ന പേരിൽ ബ്ലസ്സിംഗ് പറയുന്നതു പച്ചക്കള്ളമാണെന്നും കേരളത്തിലെ അത്ഭുതവീരൻമാരെ വെല്ലുന്ന വ്യാജനാണു കക്ഷി എന്നും തെളിഞ്ഞു. പക്ഷേ ലണ്ടനിലും ലിവർപൂളിലുമുള്ള വിശുദ്ധൻമാർ ബ്ലസ്സിംഗിന്റെ പ്രോഗ്രാം റദ്ദാക്കിയിട്ടില്ല. ഈ കള്ളനു കഞ്ഞി വയ്ക്കാൻ തന്നെയാണു തീരുമാനം.



ബ്ലസ്സിംഗ് പ്രശ്നത്തിൽ നിന്നു ജനശ്രദ്ധ തിരിക്കാൻ ഇവർ മറ്റൊരു തന്ത്രവും പ്രയോഗിച്ചു. പാസ്റ്റർ എം.കുഞ്ഞപ്പിയുടെ നേതൃത്വത്തിലാണ് യുഗാന്ത്യസന്ദേശം പ്രസിദ്ധീകരിക്കുന്നത്. ഇപ്പോൾ ഉണ്ടായിരിക്കുന്ന വിവാദം യുഗാന്ത്യസന്ദേശത്തിലെ വാർത്തമൂലം ഉണ്ടായതുമാണ്. യുഗാന്ത്യസന്ദേശത്തിൽ ആഭരണവുമായി ബന്ധപ്പെട്ട് ചില ലേഖനങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട് ആ വിഷയം ബ്ലസ്സിംഗ് ഭക്തർ എടുത്തിട്ടു. വിശ്വാസികൾക്ക് ആഭരണം ഉപയോഗിക്കാമോ ഇല്ലയോ എന്ന പഴയ പ്രശ്നം അത്യുഗ്രൻ വിവാദമാക്കി. പാസ്റ്റർമാരും വിശ്വാസികളും ചേരി തിരിഞ്ഞു പോരടിക്കയാണ്. വിവാദം മുറുകിയതോടെ ചില സഭകൾ പിളർപ്പിലേക്കു നീങ്ങുകയാണ്. ഏതായാലും ബ്ലസ്സിംഗ് പ്രശ്നം ജനം മറന്നു. പക്ഷേ വെബ് സൈറ്റിലെ ആരോപണങ്ങൾക്കു മറുപടി പറയാതെ ബ്ലസ്സിംഗിനു രക്ഷപ്പെടാനാവില്ല. (പേജ് 11........)

## അമേരിക്കയിൽ തൊഴിലില്ലായ്മ രൂക്ഷം

സാമ്പത്തിക മാന്ദ്യംമൂലം അമേരിക്കയിൽ രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു എന്നു കേട്ടിരുന്നെങ്കിലും പ്രശ്നത്തിന്റെ ശരിയായ രൂപം ഇപ്പോഴാണു വ്യക്തമായത്. കേരളത്തിലെ ഒരു ജനപ്രിയനും ഒരു അത്ഭുതവീരനും അമേരിക്കയിലെത്തിയിട്ട് ആഴ്ചകൾ പലതായി. പക്ഷേ ഇരുവരും പണിയൊന്നുമില്ലാതെ ഇരുപ്പാണ്. തൊഴിലില്ലായ്മതന്നെ പ്രശ്നം.

''പ്രോഗ്രാം കൊടുക്കാനുണ്ടോ, പ്രോഗ്രാം'' എന്നു വിളിച്ചു ചോദിച്ചു നടക്കേണ്ട ഗതികേടിലാണ് ജനപ്രിയൻ. എന്നിട്ടു കിട്ടിയതോ? ഹൂസ്റ്റണിൽ ഒരു ചിന്ന പ്രോഗ്രാം. ജോൺസൺ ദാനിയേലിന്റെ കൃപകൊണ്ട് ഡാളസ്സിൽ മൂന്നു ദിവസം. പക്ഷേ അതു വിജയിച്ചുമില്ല. ഹെബ്രോനിൽ പ്രോഗ്രാം നടത്തുമെന്നു നോട്ടീസ് അടിച്ചിറക്കിയശേഷം അവിടെനിന്നു മാറ്റേണ്ടതായി വന്നത് നാണക്കേടുണ്ടാക്കി. ബഥേലിന്റെ സഭയിൽ നടത്തിയ പ്രോഗ്രാം ചീറ്റുകയും ചെയ്തു. വളരെക്കുറച്ച് ആളുകൾ മാത്രമേ യോഗത്തിൽ പങ്കെടുത്തുള്ളൂ. ജനപ്രിയന്റെ പ്രസംഗം പരമ ബോറാകുകയും ചെയ്തു.

ബഥേലിന്റെ സഭയിലെ യോഗം കഴിഞ്ഞിട്ട് ആഴ്ച രണ്ടായി. പക്ഷേ പുതിയ പ്രോഗ്രാമുകൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല ഈ കുരിശ് ഏറ്റെടുക്കാൻ പോലും ആളെ കിട്ടുന്നുമില്ല. ഭാര്യാസമേതനായി എത്തിയിരിക്കുന്നതിനാൽ ജീവിതച്ചെലവ് താങ്ങാനാകുന്നില്ല. മുടക്കു മുതലെങ്കിലും ലഭിക്കാതെ കേരളത്തിലേക്കു മടങ്ങുന്നതെങ്ങനെ? ശരിക്കു കുഴഞ്ഞെന്നു പറഞ്ഞാൽ മതിയല്ലോ.





തൊഴിലില്ലാതെ അമേരിക്കയിൽ അലയുന്ന രണ്ടു സാധുക്കൾ

അത്ഭുതവീരന്റെ സ്ഥിതിയും മേല്പടിതന്നെ. ആരും തിരിഞ്ഞു നോക്കുന്നില്ല. ജൂലൈ അവസാന ആഴ്ചയിൽ അമേരിക്കയിൽ എത്തി. ആദ്യത്തെ ഒരാഴ്ച ഡാളസ്സിൽ കടയും തുറന്നിരുന്നെങ്കിലും ഗുണമുണ്ടായില്ല. അതു കഴിഞ്ഞ് ഹൂസ്റ്റണിൽ പോയിനോക്കി. അവിടെ ഒരു പ്രോഗ്രാം ലഭിച്ചെങ്കിലും വളരെ കുറച്ച് ആളുകൾ മാത്രമേ യോഗത്തിനെത്തിയുള്ളൂ. ഡാളസ്സിൽ മടങ്ങിയെത്തിയശേഷം ഒരു പള്ളിയുടെ പിന്നാമ്പുറത്ത് യോഗം നടത്തിനോക്കി. വലിയ പ്രയോജനമൊന്നും ഉണ്ടായില്ല.

രണ്ടാഴ്ച ന്യൂയോർക്കിലും ഭാഗ്യപരീക്ഷണം നടത്തിയെങ്കിലും ഫലമുണ്ടായില്ല. പ്രധാന പെന്തക്കോസ്ത് സഭകളെല്ലാം വീരനെ അവഗണിച്ചു. താൻ നടത്തുന്നതു വെറും കൗൺസിലിംഗല്ല പ്രൊഫറ്റിക്കൽ കൗൺസിലിംഗാണെന്നു പറഞ്ഞു നോക്കി. പക്ഷേ ജനം കേട്ട ഭാവം നടിച്ചില്ല. താൻ പ്രവാചകനാണെന്നു പറഞ്ഞിട്ടും ന്യൂയോർക്കിലെ പെന്തക്കോസ്തുകാർ മൈന്റ് ചെയ്തില്ല. പക്ഷേ ഒരു പ്രശ്നം: ന്യൂയോർക്കിൽ നിന്ന് എങ്ങോട്ടു പോകും? സെപ്റ്റംബർ 15 മുതൽ മറ്റൊരു പട്ടണത്തിൽ പരിപാടിയുണ്ട്. (വെറുതെയിരിപ്പുതന്നെ പരിപാടി.) പക്ഷേ ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 14 വരെ എന്തുചെയ്യും? ഈ ചോദ്യത്തിന് ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുവരെ ഉത്തരം കണ്ടെത്തിയിട്ടില്ല.

സെപ്റ്റംബർ 26 കഴിഞ്ഞാൽ രണ്ടാഴ്ച വീണ്ടും പെരുവഴി തന്നെ ശരണം. ഒക്ടോബർ എട്ടു മുതൽ 10 വരെ പ്രോഗ്രാമുണ്ടെന്നാണു സങ്കല്പം. 12 മുതൽ 14 വരെ വീണ്ടും പള്ളിക്കു പിന്നിൽ. അതു കഴിഞ്ഞാലോ? ഈ ചോദ്യത്തിനുള്ള ഉത്തരം നാളിതുവരെ കണ്ടെത്തിയിട്ടില്ല.

പിണ്ണാക്ക് സമ്മേളനത്തിനെത്തിയപ്പോൾ ലഭിച്ചതുപോലുള്ള സ്വീകരണം ഇത്തവണയും ലഭിക്കുമെന്നു കരുതിയാണ് അത്ഭുതവീരൻ എത്തിയത്. പക്ഷേ പ്രധാന പെന്തക്കോസ്ത് സഭകളെല്ലാം വീരനെ അവഗണിച്ചു. പ്രവാചകനാണെന്നു പറഞ്ഞിട്ടു പോലും പ്രയോജനമുണ്ടായില്ല. ജനപ്രിയന്റെ സ്ഥിതിയും മേല്പടി തന്നെ. കാരണമെന്ത്? സാമ്പത്തിക മാന്ദ്യം, അല്ലാതെന്താ?

### പകൽക്കാലം

ഈ **സി.പി.എ.**യുടെ ഫുൾ ഫോം എന്തുവാ?

ആ? **സി**നിമാ **പി**ടുത്തം **അ**പകടം എന്നായിരിക്കും...




Websites: tsbalan.com tsbalan.org tsbalan.net Email: tsbalan@yahoo.com Ph: 0484-3232356 Mob: 96564 32921

ദി ഡിഫെൻഡർ
Vol. No.13 Issue No.17 2010 September 1

# അല്പജ്ഞൻ എഡിറ്ററായാൽ

ഏതു ജോലി ചെയ്യുന്നതിനും ചില അടിസ്ഥാന യോഗ്യതകളൊക്കെ ഉണ്ടായിരിക്കണം. ജോലിക്കാരെ ആവശ്യമുണ്ട് എന്നു കാണിച്ചു പരസ്യം നൽകുന്നവർ ഉദ്യോഗാർത്ഥികൾക്കുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതകൾകൂടി പറയാറുണ്ട്. പത്താം ക്ലാസ്സുകാരനു ബിൽ കളക്ടറാകാമെങ്കിലും ജില്ലാ കളക്ടറാകാൻ പറ്റില്ല. അക്ഷരാഭ്യാസമില്ലാത്തവനു തൂപ്പുകാരനാകാമെങ്കിലും പത്രാധിപരാകാൻ പറ്റില്ല. പക്ഷേ പെന്തക്കോസ്തിലെ സ്ഥിതി അതല്ല. ആർക്കും എന്തുമാകാം. ഒരു യോഗ്യതയും ആവശ്യമില്ല. കൂട്ടക്ഷര വൈരികൾ പത്രാധിപൻമാരായി വിലസുന്നതിന്റെ കാരണവും ഇതുതന്നെ.

പത്രത്തിനു പേരിടാൻ പോലും അറിയാത്തവൻ പത്രമിറക്കിയാൽ എങ്ങനെയിരിക്കും എന്നു കാണേണ്ടവർ പെന്തക്കോസ്തിലെ സ്ഥിതി നോക്കിയാൽ മതി. എഡിറ്റിംഗ് എന്നൊന്ന് ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളിലുമില്ല. എന്താണ് എഡിറ്റിംഗ് എന്ന് എഡിറ്റർമാർക്കു നിശ്ചയവുമില്ല. ഒരു പെന്തക്കോസ്ത് പത്രത്തിനു സർക്കുലേഷൻ എഡിറ്റർ ഉണ്ടായത് ഇങ്ങനെയാണ്.

ഒരു ചിത്രത്തിന്റെ അടിക്കുറിപ്പ് ഇങ്ങനെ: ''വെണ്ണിക്കുളം ഗോസ്പൽ സെന്ററിൽ നടന്ന 100 ദിവസത്തെ ഉപവാസ പ്രാർത്ഥനയും കൺവൻഷന്റെയും സഭാപ്രവർത്തനം 10 വർഷം പൂർത്തിയാക്കിയ സ്തോത്രശുശ്രൂഷയിലെ സമാപന സമ്മേളനത്തിൽ പ്രസിഡന്റ് പാസ്റ്റർ ഷാജി പ്രസംഗിക്കുന്നു.'' വാലുമില്ല, തലയുമില്ല. പത്രപ്രവർത്തനം പഠിപ്പിക്കാൻ സ്ക്കൂൾ നടത്തുന്നവരുടെ പത്രത്തിലാണ് ഇങ്ങനെ അടിച്ചുവിട്ടത്.

ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളും മലയാള ഭാഷയെ കൊല്ലാക്കൊല ചെയ്യുകയാണു ചെയ്യുന്നത്. അക്ഷരത്തെറ്റ്, വാചകത്തെറ്റ്, ഘടനയിലുള്ള തെറ്റ് തുടങ്ങി ഭാഷയിൽ വരുത്താൻ കഴിയുന്ന സകലവിധ തെറ്റുകളും കുത്തിനിറച്ചു വച്ചിരിക്കയാണ്. ഭാഷാജ്ഞാനമുള്ള ആരെങ്കിലും പ്രൂഫ് വായിച്ചു തെറ്റു തിരുത്തിയിരുന്നെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒരളവോളമെങ്കിലും ഒഴിവാക്കാൻ കഴിയുമായിരുന്നു.

എത്ര ശ്രദ്ധിച്ചു പ്രൂഫ് നോക്കിയാലും ചില തെറ്റുകൾ ഉണ്ടായെന്നു വരാം. പക്ഷേ വിവരമുള്ളവരെക്കൊണ്ടു പ്രൂഫ് നോക്കിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ എന്തു ചെയ്യും? എല്ലാം അറിയാമെന്നു ഭാവിക്കുന്നവരെ തിരുത്താൻ പറ്റില്ല. അതാണു പെന്തക്കോസ്തിലെ പ്രശ്നം. വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്നു പറഞ്ഞതു പോലെ പേന എടുത്തവനെല്ലാം പത്രാധിപർ എന്നതാണു പെന്തക്കോസ്തിലെ സ്ഥിതി. ചോദിക്കാനും പറയാനും ആളില്ല. അങ്ങേയറ്റം ദു:ഖകരമായ സ്ഥിതി വിശേഷമാണിത്. ഇതിനൊരു പരിഹാരം ഉണ്ടാകണം.

# സത്യം സത്യമായി

ദു:ഖിക്കാൻ എല്ലാവർക്കും ചില കാരണങ്ങളുണ്ടാകും. കൊച്ചു കൊച്ചു സന്തോഷങ്ങൾ കൊണ്ട് മിക്കവരും ഈ ദു:ഖങ്ങൾ മൂടിവയ്ക്കും. അത്തരം ചില സന്തോഷങ്ങളും ദു:ഖങ്ങളുമാണ് ഇനി പറയുന്നത്.

കേരളത്തിലെ ഏക സത്യലീഡറുടെ ദു:ഖം ഏക മകൻ തന്നോടൊപ്പമില്ലല്ലോ എന്നതാണ്. ഓണം ആഘോഷിക്കാൻ മകൻ എത്താതിരുന്നപ്പോൾ ലീഡർ ശരിക്കു ദു:ഖിച്ചു. പക്ഷേ ആ ദു:ഖം ചില സന്തോഷങ്ങൾ കൊണ്ടു മൂടി വയ്ക്കാൻ ലീഡർക്കു കഴിഞ്ഞു. മകൾ ഒപ്പമുണ്ട് എന്നതു സന്തോഷകരമാണ്. പക്ഷേ കൊച്ചുമക്കളുടെ മക്കളെ താലോലിക്കാൻ കഴിഞ്ഞു എന്നത് അതിലേറെ സന്തോഷം നൽകുന്ന കാര്യമാണ്. അപൂർവ്വം പിതാക്കൻമാർക്കേ ഈ ഭാഗ്യം ലഭിക്കാറുള്ളൂ. ലീഡർക്കു സന്തോഷിക്കാം.

മാണി സാറിനുമുണ്ട് ചില സന്തോഷങ്ങളും ദു:ഖങ്ങളും. പി.സി.ജോർജ്ജും പി.ജെ.ജോസഫും മാണിസാറിനോടൊപ്പമായതോടെ പാർട്ടിക്ക് അത്യുഗ്രൻ ശക്തിയായി എന്നതു നേര്. മേല്പടി കക്ഷികളേക്കൊണ്ടു കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന ശല്യങ്ങൾ ഒഴിവായിക്കിട്ടിയതിലും സന്തോഷം. മറ്റു മൂന്നു കേരള കോൺഗ്രസ്സുകളും ഏറെക്കുറെ അപ്രസക്തമായി എന്നു കാണുന്നതിലുള്ള സന്തോഷം പറഞ്ഞറിയിക്കാനും വയ്യ. ഇങ്ങനെയൊക്കെ സന്തോഷിക്കുമ്പോൾ മാണി സാർ ഒരു ദു:ഖം ഉള്ളിലൊതുക്കുകയാണ്. സത്യത്തിൽ ദു:ഖമെന്നല്ല ഭയമെന്നാണ് അതിനെ വിളിക്കേണ്ടത്. സംഗതി സീറ്റ് പ്രശ്നം തന്നെ. പാർട്ടിയുടെ ശക്തി ഇരട്ടിയോളമായ സ്ഥിതിക്ക് സീറ്റുകളുടെ എണ്ണത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകേണ്ടതല്ലേ? പക്ഷേ അതു നടപ്പിലാകുമോ എന്നു സംശയം. ഒറ്റ സീറ്റുപോലും കൂടുതൽ നൽകാനാവില്ല എന്നു കോൺഗ്രസ്സ് പ്രഖ്യാപിച്ചു കഴിഞ്ഞു. അങ്ങനെയെങ്കിൽ ഒറ്റയ്ക്കു മത്സരിക്കും എന്നു ഭീഷണിപ്പെടുത്താമെന്നല്ലാതെ അങ്ങനെ ചെയ്യാൻ പറ്റില്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഒറ്റയ്ക്കു മത്സരിച്ച് ഉള്ള സീറ്റുകൂടി കളഞ്ഞു കുളിച്ചാൽ കഴിഞ്ഞൂ കഥ. അതുകൊണ്ട് മുന്നണിയിൽ നിന്നുകൊണ്ട് വിലപേശുകയേ നിവൃത്തിയുള്ളൂ. ഇതുതാൻ മാണിസാറിൻ ദു:ഖം.

കോൺഗ്രസ്സിനുമുണ്ട് സന്തോഷവും ദു:ഖവും. പഞ്ചായത്തു തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും സീറ്റുകൾ തൂത്തു വരാം എന്നതു സന്തോഷം നൽകുന്ന കാര്യമാണ്. എൽ.ഡി.എഫിന്റെ പരാജയം ഉറപ്പായിക്കഴിഞ്ഞു. പക്ഷേ ഈ വിജയത്തിനു നൽകേണ്ടി വരുന്ന വില വലുതാണ്. മാണി സാർ ഇരട്ടി സീറ്റുകൾ ചോദിക്കും. മുസ്ലീം ലീഗിനും ശക്തി വർദ്ധിച്ചിരിക്കയാണ്. അവരും ചോദിക്കും കൂടുതൽ സീറ്റുകൾ. വീരൻ വിഭാഗത്തിനും സീറ്റു കൊടുക്കണം. ഇതെല്ലാം കോൺഗ്രസ്സിന്റെ അക്കൗണ്ടിൽ നിന്നു നൽകേണ്ടതായി വരും. അപ്പോൾ കോൺഗ്രസ്സിലെ സീറ്റുമോഹികൾ കലാപമുണ്ടാക്കും. അവർ വിമതരായി മത്സരിച്ചെന്നും വരാം. ചെകുത്താനും കടലിനും ഇടയിൽ അകപ്പെട്ട സ്ഥിതി. ഇതാണു കോൺഗ്രസ്സിന്റെ ദു:ഖം.

എം.പിമാർ പെരുത്ത സന്തോഷത്തിലാണ്. ശമ്പളം മൂന്നു മടങ്ങു വർദ്ധിച്ചിരിക്കുന്നു. മറ്റ് ആനുകൂല്യങ്ങളിലുമുണ്ട് വർദ്ധനവ്. ബഹളം വച്ചതുകൊണ്ട് മാസം പതിനായിരം രൂപ കൂടി വർദ്ധിപ്പിക്കയും ചെയ്തു. മുൻകാല പ്രാബല്യംകൂടി ഉള്ളതിനാൽ സംഗതി ബഹുത്ത് അച്ഛാ. പക്ഷേ ശമ്പളം അഞ്ചിരട്ടിയാക്കാത്തതിൽ ദു:ഖിക്കാത്തവരില്ല. അടുത്ത വർഷം ആ മോഹം മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാമെന്ന പ്രതീക്ഷയിലാണു ദു:ഖിതരായ ജനസേവകർ.

ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചതിൽ സി.പി.എമ്മിലെ എം.പിമാരും സന്തോഷത്തിലാണ്. പക്ഷേ ഇതൊക്കെ കാണാനല്ലാതെ അനുഭവിക്കാൻ തങ്ങൾക്കു യോഗമില്ലല്ലോ എന്നോർത്ത് അവർ ദു:ഖിക്കയാണ്. മനസ്സിലായില്ല, അല്ലേ? വിശദീകരിക്കാം. ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി ലഭിക്കുന്ന പണത്തിന്റെ ഭൂരിപക്ഷവും പാർട്ടിക്കു നൽകണം. ഇപ്പോൾ വെറും 7000 രൂപ മാത്രമാണ് സി.പി.എമ്മിലെ എം.പി മാർക്കു മിച്ചം കിട്ടുന്നത് എന്നാണു കേട്ടത്. ശമ്പളം ഇരട്ടിയാക്കിയതോടെ പാർട്ടിക്കു കൊടുക്കേണ്ടതും വർദ്ധിക്കും. പതിനായിരം രൂപയെങ്കിലും കൈയ്യിൽ തടഞ്ഞാൽ ഭാഗ്യം. മഹാകഷ്ടമെന്നേ പറയേണ്ടൂ.

പെന്തക്കോസ്തുകാരനാണെന്നും അതല്ല പെന്തക്കോസ്ത് അനുഭാവി മാത്രമാണെന്നും ഒക്കെ പറയപ്പെടുന്ന ജോബി ജോണിനുമുണ്ട് സന്തോഷവും ദു:ഖവും. ഐഡിയ സ്റ്റാർ സിംഗറിൽ ഒന്നാം സ്ഥാനം കിട്ടിയതും ആ വകയിൽ ഒരുകോടി രൂപ വിലവരുന്ന വില്ല കിട്ടിയതും സന്തോഷകരം തന്നെ. പക്ഷേ സ്റ്റാമ്പ് ഡ്യൂട്ടി, ആദായ നികുതി എന്നീ ഇനങ്ങളിലായി നാല്പതു ലക്ഷം രൂപ മുടക്കിയാൽ മാത്രമേ വില്ല സ്വന്തമാകൂ എന്നതാണു ദു:ഖകരമായ ആ സത്യം.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അവൻ ചിലരെ അപ്പൊസ്തലൻമാരായും ചിലരെ പ്രവാചകൻമാരായും ചിലരെ സുവിശേഷകൻമാരായും ചിലരെ ഇടയൻമാരായും ഉപദേഷ്ടാക്കൻമാരായും നിയമിച്ചിരിക്കുന്നു; അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധൻമാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനയ്ക്കും ആകുന്നു. (എഫേ.4:11-13)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ടി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ടി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ടി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ടി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ടി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# വീയപുരത്തിന്റെ പ്രവൃത്തി മഹാമോശമായിപ്പോയി

ബഥേൽ അവറാനു ക ഞ്ഞി വയ്ക്കുന്നതിൽ അത്ഭുത മില്ല. കാരണം, ബഥേൽ അതയ്ക്കു തറയാണ്. പക്ഷേ അതല്ല പാസ്റ്റർ വീയപുരം ജോർജ്കുട്ടിയുടെ സ്ഥിതി. ഗുരുതരമായ സദാചാര പ്രശ്നങ്ങളോ എടുത്തു പറയത്തക്ക തിൻമകളോ വീയപുരത്തിന് ഉള്ളതായി അറിവില്ല. അങ്ങനെയുള്ള ഒരാൾ റാം ബാബു എന്ന തട്ടിപ്പുവീരന്റെ യോഗം ലീഡ് ചെയ്യാൻ പോയതു തെറ്റ്. ജോൺസൺ ദാനിയേലിനു വീയപുരത്തിന്റെ സഭയിൽ പ്രസംഗിക്കാനും പുസ്തകക്കച്ചവടം നടത്താനും അവസരം ഒരുക്കിയത് അങ്ങേയറ്റത്തെ തെറ്റ്. ഇത്തരം തോന്ന്യാസങ്ങൾ വീയപുരം കാട്ടിക്കൂട്ടുമെന്നു കരുതിയില്ല.



റാം ബാബു കള്ളനാണെന്നു ഡിഫെൻഡർ പലവട്ടം എഴുതിയതാണ്. ബഥേലിന്റെ സഭയിൽ അംഗത്വമുള്ള ഒരു വിവരദോഷി റാം ബാബുവിനെ വിളിച്ചു യോഗം നടത്തിയതിൽ അത്ഭുതവുമില്ല. പക്ഷേ തട്ടിപ്പുകാരെ ഒഴിവാക്കാൻ ശ്രമിക്കാറുള്ള വീയപുരം ഈ യോഗം ലീഡ് ചെയ്യാൻ പോയതിന്റെ കാരണം പിടികിട്ടുന്നില്ല. ദ്രവ്യാഗ്രഹം മൂത്തതാണോ? അതോ ഷൈൻ ചെയ്യാനുള്ള കൊതികൊണ്ടാണോ? കാരണം എന്തുതന്നെ ആയാലും വീയപുരം അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു.

ജോൺസണെ വീയപുരം എന്തിനു സഭയിൽ വിളിച്ചു വരുത്തി? അപ്പന്റെ കിത്താബ് വിൽക്കാൻ എന്തിനു തുണ നിന്നു? അയാൾ ഏതു തരക്കാരനാണെന്നു വീയപുരത്തിന് അറിയാമല്ലോ. അബദ്ധം പറ്റിയതാണെന്നു പറയാനും സാധിക്കില്ല. ഏതായാലും ഇനി ഇത്തരം കലാപരിപാടികൾ നടത്തിയാൽ ഈ ഭാഷയിലായിരിക്കില്ല ഡിഫെൻഡർ സംസാരിക്കുക എന്നു വീയപുരം അറിഞ്ഞിരിക്കണം.

# നോവൽ ബഹു കേമം തന്നെ ആരും കാണാതെ സൂക്ഷിക്കുക

സുഭാഷിതം ന്യൂസിൽ തോംസൺ കൈതമംഗലം എഴുതുന്ന നോവൽ (രൂത്ത്) വായിച്ചു. പരമ..... നല്ലതായിരിക്കുന്നു. ഇങ്ങനെയൊക്കെ എഴുതാൻ അസാമാന്യ കഴിവുവേണം. അഭിനന്ദിക്കാൻ വാക്കുകൾ കിട്ടുന്നില്ല. (കിട്ടുന്ന വാക്കുകൾ എഴുതാനും പറ്റില്ല.) ദയവായി ക്ഷമിക്കുമല്ലോ. ഓരോ അദ്ധ്യായവും ഒന്നിനൊന്നു മെച്ചമാകുന്നുണ്ട്. വായിച്ചു കഴിയുമ്പോഴുള്ള ആ നിർവൃതി നിസ്തുലം തന്നെ. ചേമ്പു കഴുകിയ വെള്ളം കൊണ്ടു ശൗചം ചെയ്താലുള്ള സുഖം എന്തെന്നറിയാൻ ഈ നോവൽ വായിച്ചാൽ മതി. സുഭാഷിതത്തിന്റെ നിലവാരത്തിന് തികച്ചും അനുയോജ്യമായ സാധനം തന്നെ.

പണ്ട് ഒരു ആശാരിയോട് മുതലാളി പറഞ്ഞ വാചകത്തോടെ ഈ അനുശോചനക്കുറിപ്പ് അവസാനിപ്പിക്കാം: ''പണിക്കന്റെ പണിയൊക്കെ നന്നായി ബോധിച്ചു. നാളെ മുതൽ ഉളിയും കൊട്ടുവടിയും കൊണ്ട് ഇങ്ങോട്ടു വരരുത്.''



# വിശുദ്ധൻ ഉയിർത്തില്ല

വിശുദ്ധൻമാർ ഒരുനാൾ ഉയിർക്കും എന്നതിനു സംശയമില്ല. അതുകൊണ്ട് മരിച്ചവരുടെ ഉയിർപ്പ് എന്നത് അസംഭവ്യമല്ല. അതുകൊണ്ടാകാം ഈയിടെ ചിലർ തങ്ങളുടെ പ്രിയ പാസ്റ്റർ ഉയിർക്കും എന്നു കരുതി കാത്തിരുന്നത്. ആ പാവങ്ങൾ അത്രയ്ക്ക് അന്ധവിശ്വാസികളായിപ്പോയതിൽ അത്ഭുതമില്ല. സമൃദ്ധിയുടെ സുവിശേഷം അവരുടെ ബുദ്ധിയെ അബലമാക്കി.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും അവരുടെ വിശ്വാസത്തിന് ഒരു കള്ളപ്രവചനത്തിന്റെ പിൻബലമുണ്ടായിരുന്നു. ഒരു കറുത്ത സായിപ്പ് ഇത്തരം ഒരു പ്രവചനം നടത്തിയിരുന്നു. വിശുദ്ധനായ ഒരു ദൈവദാസൻ ആസന്ന ഭാവിയിൽ മരിച്ചിട്ട് ഉയിർക്കുമെന്നും ഈ സംഭവം ഒരു ഉണർവ്വിനു കാരണമാകുമെന്നുമാണ് വ്യാജൻ പ്രവചിച്ചത്. തങ്ങളുടെ പാസ്റ്ററേക്കാൾ വലിയ വിശുദ്ധൻ ഈ ഭൂലോകത്തില്ല എന്നു വിശ്വസിക്കുന്ന ആ പാവങ്ങൾ ഉയിർപ്പുണ്ടാകുമെന്നു വിശ്വസിച്ചതു തികച്ചും സ്വാഭാവികം. പാസ്റ്റർ മരിച്ച ദിവസം മുതൽ അവർ ഇടതടവില്ലാതെ പ്രാർത്ഥിച്ചുവന്നു. പക്ഷേ അത്ഭുതം നടന്നില്ല. പാസ്റ്റർ ഉയിർത്തുമില്ല. ഒടുവിൽ ശവസംസ്ക്കാരം നടത്തി പ്രശ്നം പരിഹരിച്ചു. വിശ്വാസികൾ അന്ധവിശ്വാസികളായാൽ ഇങ്ങനെയൊക്കെ നടക്കും.

# ട്രൈബൽസ് അച്ചടിപ്പിശാച്

പാസ്റ്റർ സാബു വർഗീസിനു ഡോക്ടറേറ്റ് ലഭിച്ചു എന്നൊരു വാർത്ത ഒരു പത്രത്തിൽ കണ്ടതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ ഒരു കുറിപ്പു കൊടുത്തിരുന്നു. ട്രൈബൽസ് എന്നൊരു വാക്ക് ഇംഗ്ലീഷിൽ ഇല്ലാതിരിക്കെ Good News to the poor: An Evangelical contextualized Methodology to Reach the Tribals of North Kerala എന്ന വിഷയം സായിപ്പ് എങ്ങനെ അംഗീകരിച്ചു എന്നാണു ഡിഫെൻഡർ ചോദിച്ചത്. ഈ കുറിപ്പു വായിച്ചയുടൻ പാസ്റ്റർ സാബു വർഗീസും ബന്ധപ്പെട്ട മറ്റു ചിലരും ഡിഫെൻഡറുമായി ബന്ധപ്പെടുകയും ആവശ്യമായ വിശദീകരണം തരികയുമുണ്ടായി. ട്രൈബൽസ് എന്നൊരു വാക്ക് ടൈറ്റിലിൽ ഇല്ലെന്നും ഈ വാർത്ത അച്ചടിച്ച പത്രത്തിനു പറ്റിയ ഒരു തെറ്റാണ് ഈ വിധത്തിലൊരു സംശയത്തിനു വഴിവച്ചതെന്നുമായിരുന്നു അവർ അറിയിച്ചത്. സെമിനാരിയുടെ വെബ്സൈറ്റിൽ യഥാർത്ഥ ടൈറ്റിൽ കൊടുത്തിട്ടുണ്ടെന്നും അതു പരിശോധിച്ച് വസ്തുത ബോദ്ധ്യപ്പെടാവുന്നതാണെന്നും പാസ്റ്റർ സാബു വർഗീസ് വ്യക്തമാക്കി. അതനുസരിച്ച് ഞങ്ങൾ സെമിനാരിയുടെ വെബ്സൈറ്റ് സന്ദർശിക്കുകയും പ്രബന്ധത്തിന്റെ ടൈറ്റിൽ Good News to the poor: An Evangelical contextualized Methodology to Reach the Tribes of North Kerala എന്നാണെന്നു കാണുകയും ചെയ്തു. വാർത്ത പ്രസിദ്ധീകരിച്ച പത്രത്തിനാണു തെറ്റു പറ്റിയതെന്നു വ്യക്തം.

# കോക്ടെയിൽ ഉപയോഗിച്ചു തിരുവത്താഴം നടത്തി

വിവിധതരം പഴങ്ങളുടെ ചാറുകൾ ഒന്നിച്ചു കലക്കിയ കോക്ടെയിൽ കൊണ്ടു തിരുവത്താഴം നടത്തി. സംഭവം നടന്നത് അബുദാബിയിലെ ഒരു വലിയ സഭയിലാണ്. അതുകൊണ്ട് നേതാക്കൻമാരാരും എതിരഭിപ്രായം പറയുമെന്നു തോന്നുന്നില്ല. അഭിനന്ദിക്കാൻ ആളുണ്ടായെന്നും വരാം. ഏതായാലും സംഭവം ചുരുക്കിപ്പറയാം.

വലിയ പാസ്റ്റർ ഉലക പര്യടനത്തിനു പോയപ്പോൾ ചെറിയ പാസ്റ്റർ ഭരണം കയ്യേറ്റു. സഭായോഗത്തിന് പതിവുപോലെ തിരുവത്താഴം നടത്തുകയും ചെയ്തു. പക്ഷേ താൻ നടത്തുന്ന സഭായോഗത്തിന് എന്തെങ്കിലുമൊക്കെ പ്രത്യേകതകൾ വേണമെന്നു ശിന്നൻ തീരുമാനിച്ചു. അങ്ങനെയാണ് മുന്തിരിച്ചാറിനു പകരം വിവിധതരം പഴങ്ങളുടെ ചാറുകൾ മിക്സ് ചെയ്ത് ഉപയോഗിച്ചത്. ''മുന്തിരിവള്ളിയുടെ അനുഭവം'' എന്നു കർത്താവു പറഞ്ഞിട്ടുണ്ടെങ്കിലും അത് ഈ 21-ാം നൂറ്റാണ്ടിൽ പ്രസക്തമല്ല. പഴച്ചാറിനു പകരം കട്ടൻ കാപ്പിയോ സുലൈമാനിയോ ആക്കാവുന്നതാണ്. അപ്പത്തിനു പകരം ചെണ്ട മുറിയൻ കപ്പയും ഉപയോഗിക്കാം. എന്താ കുഴപ്പം?

# തർജ്ജമ ബഹു വിശേഷമായി

ഉത്തമസ്ത്രീ എന്ന മാസികയുടെ ആഗസ്റ്റ് ലക്കത്തിൽ ഫാനി ക്രോസ്ബിയേക്കുറിച്ച് ഒരു ലേഖനമുണ്ടായിരുന്നു. ഇടയ്ക്കൊക്കെ അവരുടെ കവിതകൾ ഉദ്ധരിക്കയും ചെയ്തിട്ടുണ്ട്. അതിൽ ഒരെണ്ണത്തിന്റെ ആദ്യത്തെ നാലു വരി ഇങ്ങനെയാണ്.

Oh what a happy soul I am,
Although I cannot see;
I am resolved that in this world
Contented I will be.

ഈ കവിതയുടെ മലയാളം തർജ്ജമയും ഈ മാസികയിൽ നൽകിയിട്ടുണ്ട്. അത് ഇങ്ങനെയാണ്: ''ഞാൻ എത്ര സന്തോഷവതിയാണ്. എനിക്കു കാണാൻ കഴിയുന്നില്ലെങ്കിലും ഈ ലോകത്തിൽ പൊരുതി ജീവിക്കുമെന്നു ഞാൻ തീരുമാനിച്ചു.''

എന്താണു പ്രശ്നമെന്ന് ഇംഗ്ലീഷ് അറിയാവുന്നവർക്കു മനസ്സിലായിക്കാണുമല്ലോ. ആദ്യത്തെ വരി ഒറ്റയ്ക്കെടുത്ത് അർത്ഥം നൽകിയതാണ് ആദ്യത്തെ തെറ്റ്. കാരണം, ആദ്യത്തെ രണ്ടു വരികൾ ഒന്നായി ചേർത്തുവേണം മനസ്സിലാക്കാൻ. ''ഞാൻ എത്ര സന്തോഷവതിയാണ്'' എന്നല്ല ''എനിക്കു കാണാൻ കഴിയുന്നില്ലെങ്കിലും ഞാൻ എത്ര സന്തോഷവതിയാണ്'' എന്നത്രേ ഇതു തർജ്ജമ ചെയ്യേണ്ടത്.

അടുത്തത് ഹിമാലയൻ മണ്ടത്തരമാണ്. അന്ധയായ ആ സഹോദരിയെക്കൊണ്ട് തർജ്ജമക്കാരി പോരടിപ്പിക്കയാണ്. പക്ഷേ പോരെന്നോ യുദ്ധമെന്നോ അർത്ഥം വരുന്ന ഒരു വാക്കും അവസാനത്തെ രണ്ടു വരികളിലില്ല. Contented എന്ന വാക്കാണു പ്രശ്നമായതെന്നു തോന്നുന്നു. ഡിക്ഷ്ണറിയിൽ നോക്കിയിരുന്നെങ്കിൽ ഈ വാക്കിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയുമായിരുന്നു. Content yourself with something എന്നതിന് Satisfy yourself with, be happy with, be satisfied with എന്നൊക്കെയാണ് അർത്ഥം. അതുകൊണ്ട് ''ഞാൻ ഈ ലോകത്തിൽ സംതൃപ്തയായിരിക്കുമെന്നു ഞാൻ തീരുമാനിച്ചു'' എന്നാണ് അർത്ഥം. പോരും യുദ്ധവും ഇല്ലേയില്ല.



# തിയോക്രസിയും കുറേ വിവരക്കേടുകളും

'തിയോക്രസി' എന്നാൽ എന്ത്? ദൈവം എന്ന് അർത്ഥം വരുന്ന തിയോസ് (θεος), ഭരണം എന്ന് അർത്ഥമുള്ള ക്രാറ്റോസ് (κρατος) എന്നീ ഗ്രീക്ക് വാക്കുകളിൽ നിന്നാണ് തിയോക്രസി എന്ന ഇംഗ്ലീഷ് വാക്കുണ്ടായത്. ദൈവീക ഭരണം എന്ന് ഈ വാക്കിന് അർത്ഥം പറയാം. കർത്താവായ യേശുക്രിസ്തു ആയിരം വർഷം ഈ ഭൂമിയിൽ ഭരണം നടത്തും. അതാണ് യഥാർത്ഥ തിയോക്രസി. ന്യായാധിപൻമാരുടെ കാലത്ത് യിസ്രായേലിൽ തിയോക്രസിയാണു നിലനിന്നിരുന്നത് എന്നു പറയാറുണ്ട്. ദാവീദിനെപ്പോലുള്ള രാജാക്കൻമാർ നടത്തിയ ഭരണവും തിയോക്രസിയായി പരിഗണിക്കപ്പെടാറുമുണ്ട്. എന്തിനേറെ, ഇപ്പോൾ ഇറാനിൽ തിയോക്രസിയാണു നിലനിൽക്കുന്നത് എന്ന് അവകാശപ്പെടുന്നവർ പോലുമുണ്ട്.

ഈ കാര്യങ്ങളൊക്കെ എന്തിനു പറയുന്നു എന്നു സംശയമുണ്ടാകാം. പറയാം: ഒരു പണ്ഡിതമ്മന്യൻ (പണ്ഡിതനായി ഭാവിച്ചു നടക്കുന്നവൻ) ഈയിടെ ഒരു പത്രമിറക്കാൻ പദ്ധതിയിട്ടു. പത്രത്തിന് ഒരു ഉശിരൻ പേരു വേണം. തന്റെ പാണ്ഡിത്യം വിളിച്ചോതുന്നതാകണം പേര്. വളരെ ആലോചിച്ച് ഒരു പേരു കണ്ടുപിടിച്ചു: 'തിയോക്രസി'. ഈ വാക്കിന്റെ അർത്ഥം മിക്കവർക്കും പിടി കിട്ടുകയില്ല. പാണ്ഡിത്യം പ്രകടിപ്പിക്കാൻ ഇതിൽപ്പരം നല്ല പേരില്ല. അങ്ങനെ ആ പേരിൽ പത്രം തുടങ്ങാൻ അനുവാദം ലഭിക്കേണ്ടതിനായി അപേക്ഷ നൽകി. ഈ പേരിൽ മറ്റൊരു പത്രമില്ലാത്തതുകൊണ്ട് 'തിയോക്രസി' എന്ന പേര് അനുവദിച്ചു കിട്ടുകയും ചെയ്തു. പിന്നെന്താ പ്രശ്നം? എന്തെങ്കിലും പ്രശ്നമുള്ളതായി ആരും ഇതുവരെ പറഞ്ഞിട്ടില്ല. എങ്കിലും അല്പം ഗൗരവമുള്ള ഒരു പ്രശ്നമുണ്ട്.

പത്രത്തിന് അപേക്ഷ കൊടുക്കേണ്ടത് ഇംഗ്ലീഷിലാണ്. 'തിയോക്രസി' എന്ന് ഇംഗ്ലീഷിലെഴുതണം. പണ്ഡിതമ്മന്യന് എല്ലാം അറിയാമല്ലോ. അതുകൊണ്ട് ഡിക്ഷ്ണറിയിൽ നോക്കേണ്ട കാര്യമില്ല. അങ്ങനെ എഴുതി: Theocrazy. ഈ പേര് അനുവദിച്ചു കിട്ടുകയും ചെയ്തു. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കാം. പക്ഷേ പ്രശ്നമെന്താണെന്നു മനസ്സിലാകാത്തവരുമുണ്ടല്ലോ. അവർക്കായി ഡിഫെൻഡർ കാര്യം വിശദമായി പറയാം. 'ക്രസി' എന്നവസാനിക്കുന്ന നിരവധി വാക്കുകൾ ഇംഗ്ലീഷിലുണ്ട്. ഉദാഹരണം: Aristocracy, Democracy, Autocracy, Ethnocracy, Gerontocracy, Kleptocracy, Kratocracy, Logocracy, Magocracy, Meritocracy, Geniocracy, Noocracy, Ochlocracy, Mobocracy, Plutocracy, Sociocracy, Technocracy, Cyberocracy, Netocracy, Thalassocracy, Theodemocracy, Timocracy. എല്ലാ 'ക്രസി'കളും cracy എന്നാണ് എഴുതിയിരിക്കുന്നത്. അങ്ങനെയാണ് എഴുതേണ്ടതും.

അപ്പോൾ crazy എന്നൊരു വാക്കില്ല എന്നാണോ? വലിയ ബുദ്ധിമുട്ടുകൂടാതെ ഉത്തരം കണ്ടെത്താവുന്ന ഒരു ചോദ്യമാണിത്. ഇംഗ്ലീഷ് ഡിക്ഷ്ണറിയിൽ crazy എന്ന വാക്കുണ്ടോ എന്നു നോക്കിയാൽ മതി. അപ്പോൾ crazy എന്ന വാക്കു മാത്രമല്ല ആ വാക്കിന്റെ അർത്ഥവും മനസ്സിലാകും. എന്താണ് crazy എന്ന ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം? mentally deranged; insane, senseless; impractical, totally unsound....അങ്ങനെ പോകുന്നു അർത്ഥങ്ങൾ. പച്ച മലയാളത്തിൽ പറഞ്ഞാൽ ശുദ്ധ വട്ട്. അപ്പോൾ Theocrazy എന്ന വാക്കിന്റെ അർത്ഥമെന്ത്? ദൈവീക വട്ട്. ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്. അതുകൊണ്ട് ആത്മീയ വട്ട് എന്ന് അർത്ഥം പറയാം. (സംഗതി കലക്കി, ട്ടോ.)

ആദ്യമായല്ല ഈ മഹാപണ്ഡിതൻ ഇത്തരം വിവരക്കേടുകൾ എഴുന്നെള്ളിക്കുന്നത്. താൻ മഹാപണ്ഡിതനാണെന്നും തനിക്കു തെറ്റു പറ്റുകയില്ലെന്നും ഉറച്ചു വിശ്വസിക്കുന്ന ഈ വിദ്വാൻ ഇംഗ്ലീഷിലും മലയാളത്തിലും പുതിയ വാക്കുകൾ കണ്ടുപിടിച്ചിട്ടുണ്ട്. നിലവിലുള്ള വാക്കുകൾക്ക് പുതിയ അർത്ഥങ്ങൾ നൽകിയിട്ടുമുണ്ട്. ചില ഉദാഹരണങ്ങൾ ഇതാ.

ഗൈനെക്കോളജി എന്നാൽ എന്ത്? Gynecology is the medical practice dealing with the health of the female reproductive system (uterus, vagina, and ovaries) എന്നാണ് ഇംഗ്ലീഷ് ഡിക്ഷ്ണറികളിൽ കാണുക. പക്ഷേ ആത്മീയ വട്ടിന്റെ ഉപജ്ഞാതാവു പറയുന്നതു വയർ സംബന്ധമായ അസുഖങ്ങൾക്കു ചികിൽസ നൽകുന്ന പരിപാടിയാണു ഗൈനെക്കോളജി എന്നാണ്. വയറ്റിൽ വേദനയുണ്ടാകുമ്പോൾ ഈ ചങ്ങാതി ഗൈനക്കോളജിസ്റ്റിനെയാണു കാണുക. യഥാർത്ഥത്തിൽ ഇവനെ ചികിത്സിക്കേണ്ടതു സൈക്യാർട്ടിസ്റ്റാണ്. ചികിത്സ ഊളമ്പാറയിലാക്കിയാൽ ഏറെ നന്ന്.

ഓർത്തോപ്പോളജി എന്നൊരു ശാസ്ത്രശാഖയെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ആത്മീയ വട്ടൻ കണ്ടുപിടിച്ചതാണിത്. പരിചയമുള്ള സ്ത്രീകളെ രാത്രി 10 മണി കഴിഞ്ഞ് മൊബൈൽ ഫോണിൽ വിളിച്ചു ശൃംഗരിക്കുന്ന പരിപാടിയാണ് ഓർത്തോപ്പോളജി. സ്ത്രീകളുടെ പേരും മൊബൈൽ നമ്പറും ഓർമ്മയിൽ സൂക്ഷിക്കുന്നതുകൊണ്ടാണ് ഈ ശാസ്ത്രശാഖയ്ക്ക് 'ഓർത്തോ'പ്പോളജി എന്നു പറയുന്നത്.

വിവരദോഷികളുടെ കൂത്തരങ്ങായി ആത്മീയ മണ്ഡലം മാറിയിരിക്കുന്നു എന്നു പറയാതെ വയ്യ. ആർക്കും എന്തു വിഡ്ഢിത്തവും പറയാം. ശുദ്ധ വിവരക്കേടു പ്രസംഗിക്കാം. വാലും തലയുമില്ലാതെ എഴുതാം. അക്ഷരാഭ്യാസം വേണമെന്നില്ല. പുതിയ വാക്കുകൾ സൃഷ്ടിക്കാം. ഉള്ള വാക്കുകൾക്കു പുതിയ അർത്ഥം നൽകാം. അഭിഷിക്തൻ എന്ന ലേബലിൽ എന്തും ചെയ്യാം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഒരു പെന്തക്കോസ്ത് കുടുംബത്തിൽ ജനിച്ചു വളർന്ന വ്യക്തിയാണു ഞാൻ. ചെറുപ്പകാലത്തു ഞങ്ങളുടെ സഭയിൽ ചിലർ സ്നാനപ്പെട്ടപ്പോൾ എന്നേയും നിർബ്ബന്ധിച്ചു സ്നാനപ്പെടുത്തി. രക്ഷ എന്നാൽ എന്ത് എന്നുപോലും അപ്പോൾ ഞാൻ അറിഞ്ഞിരുന്നില്ല. അടുത്ത കാലത്തു ഞാൻ രക്ഷിക്കപ്പെട്ടു. ഞാൻ വീണ്ടും സ്നാനപ്പെടേണ്ടതുണ്ടോ? വിശ്വസിക്കാതെ സ്വീകരിച്ച സ്നാനം സ്വീകാര്യമാണോ?

■ പെന്തക്കോസ്ത് വിശ്വാസികളുടെ മക്കളിൽ പലരും ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കാറുണ്ട്. വിശ്വസിച്ചാലും ഇല്ലെങ്കിലും പെന്തക്കോസ്തുകാർ തങ്ങളുടെ മക്കളെ 15 വയസ്സാകുന്നതിനു മുൻപു സ്നാനപ്പെടുത്തും. അത് തങ്ങളുടെ അഭിമാനത്തിന്റെ പ്രശ്നം എന്ന നിലയ്ക്കാണു പെന്തക്കോസ്തുകാർ കരുതുന്നത്. ശിശുസ്നാനത്തിന്റെ മറ്റൊരു വകഭേദമാണിത് എന്നു പറയാതെ വയ്യ.

ആരെയാണു സ്നാനപ്പെടുത്തേണ്ടത്? പാപസംബന്ധമായി മരിച്ചവരെ, രക്ഷിക്കപ്പെട്ടവരെ, വീണ്ടും ജനനം പ്രാപിച്ചവരെ. കുട്ടികളായാലും വലിയവരായാലും ഈ യോഗ്യതയില്ലാത്തവരെ സ്നാനപ്പെടുത്തരുത്. പക്ഷേ ഇവിടെ തെറ്റു സംഭവിച്ചു കഴിഞ്ഞു. ഇനി എന്തു ചെയ്യണം എന്നാണല്ലോ ചോദ്യം.

വ്യവസ്ഥപ്രകാരമല്ലാതെ സ്നാനമേറ്റവരെ പൗലോസ് വീണ്ടും സ്നാനപ്പെടുത്തിയതായി ചരിത്രമുണ്ട്. (പ്രവൃ.19:1-7). പക്ഷേ അവിടെ ഗുരുതരമായ ഒരു പ്രശ്നമുണ്ടായിരുന്നു. അവർ ക്രിസ്തീയ ജലസ്നാനമല്ല സ്വീകരിച്ചിരുന്നത്. പരിശുദ്ധാത്മാവെന്നു കേട്ടിട്ടുപോലുമില്ലാത്ത അവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലല്ല സ്നാനപ്പെട്ടതെന്നും വ്യക്തമായിരുന്നു. അതുകൊണ്ട് അവരെ വീണ്ടും സ്നാനപ്പെടുത്തേണ്ടതായി വന്നു. പക്ഷേ അതല്ല ഇവിടത്തെ സ്ഥിതി.

പെന്തക്കോസ്ത് സഭകളിൽ സ്നാനം നടത്തുന്നതു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ്. അതുകൊണ്ട് നാമം പ്രശ്നമാകുന്നില്ല. സ്നാനപ്പെടുത്താൻ യോഗ്യതയുള്ള വ്യക്തിയായിരിക്കും സ്നാനപ്പെടുത്തുക. വെള്ളത്തിൽ മുങ്ങിയുള്ള സ്നാനമാണു നൽകുന്നത്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നോ എന്നു സ്നാനാർത്ഥിയോടു ചോദിക്കും. വിശ്വസിക്കുന്നു എന്നു സ്നാനാർത്ഥി മറുപടി നൽകുകയും ചെയ്യും. അതു കഴിഞ്ഞാണു സ്നാനം നൽകുന്നത്. അതുകൊണ്ട് സാങ്കേതികമായി ഈ സ്നാനം ശരിയാണ്. ആകയാൽ ഈ വിധത്തിൽ സ്നാനമേറ്റ വ്യക്തി വീണ്ടും സ്നാനമേൽക്കേണ്ടതില്ല.

അങ്ങനെയെങ്കിൽ ശിശുസ്നാനമേറ്റവരെ എന്തിനു വീണ്ടും സ്നാനപ്പെടുത്തുന്നു എന്ന ചോദ്യമുയരും. മേല്പറഞ്ഞ കാര്യങ്ങളിൽ പ്രധാനപ്പെട്ട പലതും ശിശുസ്നാനത്തിലില്ല എന്നതുതന്നെ കാരണം. പ്രധാന പട്ടത്വ സഭകളെല്ലാം സ്നാനം നൽകുന്നതു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് എന്നതു ശരിതന്നെ. പക്ഷേ മറ്റെല്ലാ കാര്യത്തിലും ഇവർക്കു തെറ്റുന്നു.

കർത്താവായ യേശുവിൽ വിശ്വസിക്കുന്നോ എന്നു ചോദിക്കുന്നുണ്ടെങ്കിലും മറുപടി പറയുന്നതു സ്നാനാർത്ഥിയല്ല മറ്റൊരാളാണ്. വെള്ളത്തിൽ മുക്കിയല്ല സ്നാനം നൽകുന്നത് എന്നതും ശ്രദ്ധേയമാണ്. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കാനോ ആ വിശ്വാസം ഏറ്റു പറയാനോ സ്നാനാർത്ഥിക്കു കഴിയുന്നതല്ല എന്നു സ്നാപകനുതന്നെ ബോധ്യമുള്ളതിനാൽ ഇതു വെറും ഒരു നാടകം മാത്രമാണെന്നു വ്യക്തം. അതുകൊണ്ടാണ് ശിശുസ്നാനം വചന വിരുദ്ധമാണെന്നു പറയുന്നത്.

പെന്തക്കോസ്ത് കുടുംബങ്ങളിലെ കുട്ടികൾ മാത്രമല്ല പെന്തക്കോസ്തുകാരല്ലാത്ത മറ്റുള്ളവരും വീണ്ടും ജനനത്തിന്റെ അനുഭവം കൂടാതെ സ്നാനപ്പെടാൻ സാധ്യതയുണ്ട്. പെന്തക്കോസ്തിൽ ചേർന്നാൽ പലവിധത്തിലുള്ള നേട്ടങ്ങളുണ്ടാകും എന്നു കരുതി സ്നാനമേറ്റു പെന്തക്കോസ്ത് സഭകളിൽ അംഗത്വമെടുക്കുന്നവരുണ്ട്. ഇത്തരക്കാരിൽ ചിലർ പിന്നീടു ശരിയായ വിശ്വാസികളായിത്തീർന്നെന്നും വരാം. വേണ്ടത്ര വിശ്വാസം ഇല്ലാതെയാണു താൻ സ്നാനപ്പെട്ടതെന്നു ബോധ്യമാകുമ്പോൾ ഇവർ വീണ്ടും സ്നാനപ്പെടാൻ ആഗ്രഹിക്കാനും ഇടയുണ്ട്. എന്തിനേറെ പറയുന്നു, വീണ്ടും ജനനം പ്രാപിച്ചശേഷം സ്നാനമേറ്റ വിശ്വാസികൾ ആത്മീയമായി വളർച്ച പ്രാപിച്ചു കഴിയുമ്പോൾ തന്റെ ആദ്യകാല വിശ്വാസം വളരെ അപക്വമായിരുന്നു എന്നു തിരിച്ചറിയും. കാര്യങ്ങൾ വേണ്ട വിധത്തിൽ അറിയാതെയാണു താൻ സ്നാനപ്പെട്ടതെന്നും അതുകൊണ്ട് വീണ്ടും സ്നാനപ്പെടണമെന്നും ചിലരെങ്കിലും ശഠിച്ചേക്കാം. ഇങ്ങനെയൊക്കെയുള്ളവരെ വീണ്ടും സ്നാനപ്പെടുത്തിയാൽ വിശ്വാസത്തിൽ വളരുന്നതിനനുസരിച്ചു പലവട്ടം സ്നാനം ആവർത്തിക്കേണ്ടതായി വരും. അതുകൊണ്ട് വിശ്വാസം ഏറ്റു പറഞ്ഞു മുഴുകൽ സ്നാനം സ്വീകരിച്ചവർ വീണ്ടും സ്നാനപ്പെടേണ്ടതില്ല.

## വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

## ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# ഇതു ഡിഫെൻഡറിന്റെ വിശ്വാസം

പരിശുദ്ധാത്മസ്നാനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഡിഫെൻഡറിന്റെ വിശ്വാസമെന്ത് എന്നതാണ് കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ വിശദീകരിച്ചത്. ഈ ലക്കത്തിൽ അന്യഭാഷയുടെ ഉപയോഗം എന്ത് എന്നു വ്യക്തമാക്കാം.

പരിശുദ്ധാത്മസ്നാനം പ്രാപിക്കുമ്പോൾ ഒരു വ്യക്തി അന്യഭാഷയിൽ സംസാരിക്കാൻ ആരംഭിക്കുമെങ്കിലും ഭാഷാവരമെന്നത് തികച്ചും വ്യത്യസ്തമായ ഒന്നാണ് എന്ന വസ്തുത കഴിഞ്ഞ ലക്കത്തിൽ വ്യക്തമാക്കി. ഭാഷാവരം എന്നത് വിവിധതരം അന്യഭാഷകൾ സംസാരിക്കാൻ കഴിവു നൽകുന്ന വരമാണ്.

അന്യഭാഷയുടെ ഉപയോഗം എന്ത് എന്ന വിഷയത്തിലേക്കു കടക്കുന്നതിനു മുമ്പായി വിവിധതരം അന്യഭാഷകളേക്കുറിച്ച് അറിഞ്ഞിരിക്കണം.

അന്യഭാഷ ഉൾപ്പെടെയുള്ള കൃപാവരങ്ങളേക്കുറിച്ചു വിശദീകരിച്ചശേഷം പൗലോസ് ഇപ്രകാരം പറയുന്നു: ''ഞാൻ മനുഷ്യരുടെയും ദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ.'' (1കൊരി.13:1) അന്യഭാഷകളെ മനുഷ്യന്റെ ഭാഷ, ദൂതൻമാരുടെ ഭാഷ (അമാനുഷിക ഭാഷ) എന്നിങ്ങനെ രണ്ടു ഗ്രൂപ്പുകളായി പൗലോസ് തിരിക്കുന്നു.

പെന്തക്കോസ്തു നാളിൽ ചിലർക്ക് അന്യഭാഷ മനസ്സിലായതെന്തുകൊണ്ട് എന്ന ചോദ്യത്തിനുള്ള മറുപടി ഇവിടെയുണ്ട്. അന്ന് അന്യഭാഷകളിൽ സംസാരിച്ചവരിൽ ചിലർ ഭൂമിയിലുള്ള ചില ഭാഷകളാണു സംസാരിച്ചത്. അന്യദേശങ്ങളിൽ നിന്നു വന്നവർക്ക് ആ ഭാഷ മനസ്സിലായി. എന്നാൽ ആ ദേശത്തുള്ളവർക്ക് ഒന്നും മനസ്സിലായില്ല. അതുകൊണ്ടാണ് അപ്പോസ്തലൻമാർ പുതുവീഞ്ഞു കുടിച്ചു ബഹളമുണ്ടാക്കുകയാണെന്നു പറഞ്ഞ് അവർ പരിഹസിക്കാൻ ഇടയായത്.

മറ്റൊരു മാനദണ്ഡം ഉപയോഗിച്ചും അന്യഭാഷകളെ രണ്ടു ഗ്രൂപ്പുകളാക്കാം.

1. മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്ന അന്യഭാഷ.

''അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.'' 1കൊരി.14:2. ഈ വിധത്തിലുള്ള അന്യഭാഷയിൽ സംസാരിക്കുന്നവൻ സഭയുടെ ആത്മീക വർദ്ധനവിനു വേണ്ടിയല്ല സ്വന്തം ആത്മീയ വർദ്ധനവിനുവേണ്ടിയാണ് അന്യഭാഷയിൽ സംസാരിക്കുന്നത്. ''അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ ആത്മിക വർദ്ധന വരുത്തുന്നു; പ്രവചിക്കുന്നവൻ സഭയ്ക്ക് ആത്മികവർദ്ധന വരുത്തുന്നു.'' 1കൊരി.14:4. അതുകൊണ്ട് സഭയിലിരുന്ന് ഇത്തരം അന്യഭാഷ പറയുന്നത് കഴിയുന്നത്ര ഒഴിവാക്കണം. അഥവാ പറഞ്ഞേ മതിയാകൂ എന്നുണ്ടെങ്കിൽ വലിയ ഒച്ചപ്പാടുണ്ടാക്കാതെ, മറ്റാർക്കും ശല്യമുണ്ടാക്കാതെ, പറയണം. ''വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ.'' (1കൊരി.14:28). മറ്റു ശുശ്രൂഷകൾക്കു തടസ്സമുണ്ടാകുന്ന വിധത്തിൽ അന്യഭാഷ പറഞ്ഞു ബഹളമുണ്ടാക്കുന്നവരും മൈക്കിൽക്കൂടി അന്യഭാഷ പറയുന്നവരും മറ്റും ഈ നിർദ്ദേശം ഗൗരവത്തിലെടുക്കണം.

ഒരു പ്രാർത്ഥനാഭാഷ എന്ന നിലയ്ക്ക് അന്യഭാഷ ഉപയോഗിക്കാം. ''ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധിയോ അബലമായിരിക്കുന്നു. ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും.'' (1കൊരി.14:14-15).

വിശ്വാസികൾക്കു സ്വന്തം ഭാഷയിൽ പ്രാർത്ഥിക്കാമെന്നിരിക്കെ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതെന്തിന്? ഈ ചോദ്യത്തിനു ബൈബിൾ വ്യക്തമായ ഉത്തരം നൽകുന്നില്ല. എങ്കിലും ഒരു സൂചന തരാതിരിക്കുന്നുമില്ല. ''അവ്വണ്ണം തന്നേ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.'' റോമ.8:26-27.

അതുകൊണ്ട് നമ്മുടെ സ്വകാര്യ പ്രാർത്ഥനകളിൽ നാം അന്യഭാഷയിൽ സംസാരിക്കുന്നത് ആത്മീകവർദ്ധനയ്ക്കു സഹായകമാകും. അങ്ങനെ ചെയ്യേണ്ടതുമാണ്. എന്നാൽ സഭായോഗങ്ങളിൽ അന്യഭാഷ ദുരുപയോഗം ചെയ്യാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം.

2. ദൈവം മനുഷ്യനോടു സംസാരിക്കുന്ന അന്യഭാഷ.

ദൈവം മനുഷ്യനോട് സംസാരിക്കാൻ ഉപയോഗിക്കുന്ന അന്യഭാഷയാണ് രണ്ടാമത്തെ ഇനം. ഇത്തരം ഒരു അന്യഭാഷ ഉണ്ടെന്നുപോലും മിക്കവർക്കും അറിഞ്ഞുകൂടാ. പൗലോസ് പറയുന്നു: ''അന്യഭാഷകളാലും അന്യൻമാരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോടു സംസാരിക്കും എങ്കിലും അവർ എന്റെ വാക്കു കേൾക്കുകയില്ല എന്നു കർത്താവ് അരുളിച്ചെയ്യുന്നു എന്നു ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു.'' 1കൊരി.14:21. അന്യഭാഷ വ്യാഖ്യാനിക്കാൻ വരം ലഭിച്ചവർ വ്യാഖ്യാനിക്കുന്നത് ഈ വിധത്തിലുള്ള അന്യഭാഷയാണ്. പ്രവചനത്തിനു തുല്യമായ ഒരു കൃപാവരമാണ് അന്യഭാഷാവ്യാഖ്യാനം. ഈ കൃപാവരം രണ്ടു വിധത്തിൽ ഉപയോഗിക്കാം. അന്യഭാഷ പറയുന്ന വ്യക്തിതന്നെ അതു വ്യാഖ്യാനിക്കുന്നതാണ് ഒരു രീതി. ''അതുകൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാന വരത്തിനായി പ്രാർത്ഥിക്കട്ടെ.'' (1കൊരി.14:13) ഒരു വ്യക്തി അന്യഭാഷ പറയുകയും മറ്റൊരാൾ അതു വ്യാഖ്യാനിക്കുകയും ചെയ്യുന്നതു രണ്ടാമത്തെ രീതി. ''അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നുപേരോ ആകട്ടെ; അവർ ഓരോരുത്തരായി സംസാരിക്കുകയും ഒരുവൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ.'' (1കൊരി.14:27)

അന്യഭാഷാവ്യാഖ്യാനം എന്നത് പ്രവചനവുമായി സാമ്യമുള്ള കൃപാവരമാണ്. (1കൊരി.14:23-33). ഫലത്തിൽ രണ്ടും ഒന്നുതന്നെ. പ്രവചിക്കാൻ അന്യഭാഷ പറയണമെന്നില്ല. പക്ഷേ അന്യഭാഷ വ്യാഖ്യാനിക്കാൻ അന്യഭാഷ പറയാതെ പറ്റില്ലല്ലോ. ഇതാണ് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം.

വിവിധതരം കൃപാവരങ്ങളേക്കുറിച്ചു ദൈവവചനം പറയുന്നുണ്ട്. ഒരു വിശ്വാസിക്ക് ഈ കൃപാവരങ്ങളെല്ലാം കിട്ടിയേ മതിയാകൂ എന്നില്ല. എല്ലാ കൃപാവരങ്ങളും കിട്ടുന്നതിനു തടസ്സവുമില്ല. ശ്രേഷ്ഠ വരങ്ങൾ ലഭിക്കാനായി ആഗ്രഹിക്കുന്നതു തെറ്റാണെന്നു പറയാനുമാവില്ല.

ഒന്നാം നൂറ്റാണ്ടിൽ ഈ കൃപാവരങ്ങളൊക്കെ ഉണ്ടായിരുന്നെങ്കിലും ദൈവവചനം എഴുതി പൂർത്തിയായതോടെ ഈ വരങ്ങളെല്ലാം നീങ്ങിപ്പോയി എന്നാണു ചിലർ പഠിപ്പിക്കുന്നത്. അതിന് ആധാരമായി അവർ ചൂണ്ടിക്കാട്ടുന്ന വാക്യങ്ങൾ ഇവയാണ്:
''സ്നേഹം ഒരുനാളും ഉതിർന്നുപോകുകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴൊ അംശമായതു നീങ്ങിപ്പോകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചുകളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും.'' (1കൊരി.13:8-12)

ആയിരക്കണക്കിനു ഭാഷകളുണ്ടെങ്കിലും നാലോ അഞ്ചോ ഭാഷകൾ മാത്രമേ നമുക്കു മനസ്സിലാക്കാൻ കഴിയൂ. അതുകൊണ്ട് ബാക്കിയുള്ള എല്ലാ ഭാഷകളും നമുക്ക് അന്യഭാഷയാണ്. എല്ലാ ഭാഷകളും നമുക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നെങ്കിൽ അന്യഭാഷ എന്നൊന്ന് ഉണ്ടാകുമായിരുന്നില്ല. അന്യഭാഷാവ്യാഖ്യാനം എന്നൊരു കൃപാവരത്തിനും പ്രസക്തിയില്ലാതാകുമായിരുന്നു. ഭാവിയിൽ എന്തൊക്കെ നടക്കുമെന്ന് അറിയാനുള്ള കഴിവു നമുക്കുണ്ടായിരുന്നെങ്കിൽ പ്രവചനം എന്നൊരു കൃപാവരം ആവശ്യമായി വരുമായിരുന്നില്ല. നമ്മൾ സർവ്വജ്ഞരായിരുന്നെങ്കിൽ ജ്ഞാനസമ്പാദനവും ആവശ്യമാകുമായിരുന്നില്ല.

നമ്മുടെ ഭാഷാജ്ഞാനം പരിമിതമാണ്, അപൂർണ്ണമാണ്. ഭാവിയേക്കുറിച്ചു നമുക്ക് വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ അറിവുള്ളൂ. നമ്മുടെ ജ്ഞാനവും അപൂർണ്ണമാണ്. അതുകൊണ്ട് ചില ഭാഷകൾ നമുക്ക് അന്യഭാഷയാണ്. ഭാവി അറിയാൻ പ്രവചനം ആവശ്യമായി വരുന്നു. ജ്ഞാനസമ്പാദനത്തിനായി വിദ്യാഭ്യാസം ചെയ്യേണ്ടതായും വരുന്നു. പക്ഷേ പൂർണ്ണമായ ഭാഷാജ്ഞാനം ഉണ്ടാകുമ്പോൾ അന്യഭാഷയെന്നൊന്ന് ഇല്ലാതാകും. ഭാഷാവരം ആവശ്യമില്ലാതാകും. ഭാവി കാണാനുള്ള കഴിവുണ്ടാകുമ്പോൾ പ്രവചനം ആവശ്യമില്ലാതാകും. പൂർണ്ണമായ ജ്ഞാനമുണ്ടാകുമ്പോൾ അംശമായ ജ്ഞാനം ഇല്ലാതാകും. കർത്താവിന്റെ വരവിങ്കൽ നാം കർത്താവിനു സദൃശ്യൻമാരാകും. (1യോഹ.3:2) അന്നു മാത്രമേ നാം പൂർണ്ണത പ്രാപിക്കൂ. അപ്പോൾ മാത്രമേ അംശമായവ നീങ്ങിപ്പോകൂ. പൗലോസിനെപ്പോലെ നമ്മളും കണ്ണാടിയിൽ കടമൊഴിയായി കാണുകയാണ്. അഭിമുഖമായും സ്പഷ്ടമായും കാണുന്ന നാൾ വരുന്നു.


## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,
Perumbavoor P.O., Ernakulam Dist. Pin. 683542.
Phone: 0484-3232356. Mob: 96564 32921**




# അദ്ധ്യാപകൻ പഠിക്കാത്തതിനു വിദ്യാർത്ഥിയെ ശിക്ഷിച്ചു

''അദ്ധ്യാപകൻ പഠിക്കാത്തതിനു വിദ്യാർത്ഥിയെ ശിക്ഷിച്ചു'' എന്നു കേട്ടാൽ എന്തു തോന്നും? ''അതു മഹാ മോശമായിപ്പോയി'' എന്ന് പറഞ്ഞുപോകും. അദ്ധ്യാപകൻ പഠിക്കാതിരുന്നതു വിദ്യാർത്ഥിയുടെ കുഴപ്പം കൊണ്ടല്ലല്ലോ. അതുകൊണ്ട് ഈ പ്രശ്നത്തിൽ വിദ്യാർത്ഥി തെറ്റുകാരനുമല്ല. പക്ഷേ 'അദ്ധ്യാപകൻ' എന്ന വാക്കു കഴിഞ്ഞ് ഒരു കോമ ഉണ്ടെങ്കിലോ? അപ്പോൾ കുറ്റവാളി വിദ്യാർത്ഥിയാണെന്നു തെളിയും. അദ്ധ്യാപകൻ പരമ പാവമായി മാറും. സിനിമയുമായി ബന്ധപ്പെട്ട് ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ പുറത്തിറക്കിയ സർക്കുലറിൽ ഇതു പോലൊരു പ്രശ്നമുണ്ട്. ഐ.പി.സി പറയുന്നു: ''തിയേറ്ററുകളിലോ, വീടുകളിലോ ഇരുന്ന് വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സിനിമാ കാണുന്നതിൽ നിന്നും വിശ്വാസികൾ ഒഴിഞ്ഞിരിക്കേണ്ടതാണ്.'' സംഗതി പിടി കിട്ടിയോ?

വിശ്വാസികൾ ഒഴിഞ്ഞിരിക്കണം. എന്തിൽ നിന്ന്? സിനിമ കാണുന്നതിൽ നിന്ന്. ഏതുതരം സിനിമ? ''തിയേറ്ററുകളിലോ, വീടുകളിലോ ഇരുന്ന് വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സിനിമ.'' അതാണു വിശ്വാസികൾ കാണാൻ പാടില്ലാത്തത്. തിയേറ്ററുകളിലോ വീടുകളിലോ ഇരുന്ന് ആരെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള സിനിമ നിർമ്മിക്കാറുണ്ടോ? അറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ അത്തരം സിനിമ ഐ.പി.സി വിശ്വാസികൾ കാണാൻ പാടില്ല. മറ്റുള്ള സിനിമകൾ കാണുന്നതിനു വിരോധവുമില്ല. സർക്കുലർ കലക്കി!

## പ്രസംഗിക്കുന്നതു വിശ്വസിക്കാത്തവർ

സ്വന്തം പ്രസംഗം വിശ്വസിക്കാത്ത പാസ്റ്റർമാരേപ്പറ്റി പാസ്റ്റർ പി.പി.കുര്യൻ യുഗാന്ത്യസന്ദേശത്തിൽ എഴുതിയ ലേഖനം വായിച്ചു. തങ്ങൾ പ്രസംഗിക്കുന്നതു വിശ്വസിക്കാത്ത കുറെ വിദേശ പാസ്റ്റർമാരുടെ ഏറ്റു പറച്ചിൽ ഉദാഹരണമായി ഉദ്ധരിക്കയും ചെയ്തു. പക്ഷേ ഇത്തരക്കാരെ തേടി വിദേശത്തു കറങ്ങേണ്ട കാര്യമില്ല. നമ്മുടെ ഈ കൊച്ചു കേരളത്തിൽ ഇത്തരത്തിലുള്ള നൂറു കണക്കിനു പാസ്റ്റർമാരുണ്ട്. അവരും സായിപ്പൻമാരും തമ്മിൽ ഒരു വ്യത്യാസമേയുള്ളു: സായിപ്പ് സത്യം തുറന്നു പറയും. ഇവർ പറയുകയില്ല.

# ഇതും കവിതയാണ്

ഇതാ ഒരു വാചകം. ഭയഭക്തിബഹുമാനാദികളോടെ വായിക്കണം: ''പണ്ടൊരു പാവപ്പെട്ട കൃഷീവലനൊരുദിനം ഒരപരിചിതൻ 'കുഞ്ഞു' താറാവിനെ കൊടുത്തു. വർദ്ധിച്ച സന്തോഷത്തിൽ താറാവിൻ കുഞ്ഞുമായ് താൻ ഭവനം പൂകീ, അതു തൻ ഭാര്യയ്ക്കു സമ്മാനിച്ചു.''

ഇത്രയും വായിച്ചപ്പോൾ എന്തു തോന്നി? ഒരുവക അലുഗുലുത്തു ഭാഷയിൽ ആരോ കഥ എഴുതിയതാണെന്നു തോന്നിയിരിക്കാം. ഊഹം തെറ്റിയില്ല. പൊൻമുട്ടയിടുന്ന താറാവിന്റെ കഥ ഒരാൾ എഴുതിയിരിക്കയാണ്. പക്ഷേ ഒരു ഭീകര രഹസ്യം നിങ്ങൾ അറിയാൻ ബാക്കിയുണ്ട്. ''ഇതു ഭൂമിയാണ്'' എന്ന പേരിൽ ഒരു നാടകമുണ്ട്. ആ ശൈലിയിൽ പറഞ്ഞാൽ ''ഇതു കവിതയാണ്.'' ''കവിതയോ? ഇതോ?'' എന്നൊക്കെയാകും സ്വാഭാവിക പ്രതികരണം. പക്ഷേ ഈ കവിത എഴുതിയത് എൻ.റ്റി.ജെ. കല്ലിശ്ശേരിയാണെന്നും ഇതു പ്രസിദ്ധീകരിച്ചതു സുഭാഷിതത്തിലാണെന്നും അറിയുമ്പോൾ ''ഇത്രയുമൊക്കെയല്ലേ നടന്നുള്ളൂ'' എന്നു നിങ്ങൾ പറഞ്ഞുപോകും.

# സർവ്വായുധവർഗ്ഗവും പ്രത്യുല്പാദനവും

സർവ്വായുധവർഗ്ഗവും പ്രത്യുല്പാദനവും തമ്മിൽ എന്തു ബന്ധം? ഒരു ബന്ധവുമില്ല എന്നു പറയാൻ വരട്ടെ. ഇവ തമ്മിലുള്ള ബന്ധം എന്തെന്ന് ഇമ്മിണി മുഴുത്ത ഒരു പാസ്റ്റർ ഈയിടെ കണ്ടുപിടിച്ചു. അമേരിക്കയിലുള്ള ഒരു പാസ്റ്ററാണ് ഈ കണ്ടുപിടുത്തം നടത്തിയത്. സംഭവം ചുരുക്കി പറയാം.

സർവ്വായുധവർഗ്ഗം ധരിക്കുന്നതെന്തിന് എന്ന വിഷയം പാസ്റ്റർ വിശദീകരിക്കയാണ്. നമ്മുടെ ശരീരത്തിന്റെ സംരക്ഷണത്തിനാണ് സർവ്വായുധവർഗ്ഗം ധരിക്കുന്നത്. ചെരുപ്പുകൾ കാലുകളെ സംരക്ഷിക്കുന്നു. പടച്ചട്ട ഉടലിനെ സംരക്ഷിക്കും. ശിരസ്ത്രം തലയുടെ സംരക്ഷണത്തിനുള്ളതാണ്. പ്രത്യുല്പദന അവയവങ്ങളുടെ സംരക്ഷണത്തിനാണ് ബൽറ്റ് ധരിക്കുന്നത്. Reperoductive organs എന്ന് ഇംഗ്ലീഷിൽ പറഞ്ഞതുകൊണ്ട് അമേരിക്കൻ പിള്ളേർക്കു വരെ കാര്യം പിടികിട്ടി. എങ്കിലും ചില സംശയങ്ങൾ അവശേഷിക്കുന്നു.

1. മേല്പടി അവയവങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്താണോ ബൽറ്റ് (അരക്കെട്ട്) ധരിക്കുന്നത്?

2. ആത്മീയ മനുഷ്യന്റെ കാര്യമാണല്ലോ പൗലോസ് ഇവിടെ പറയുന്നത്. അങ്ങനെയെങ്കിൽ പ്രത്യുല്പാദന അവയവങ്ങൾ എന്നതുകൊണ്ട് (ആത്മീയമായി) എന്താണ് അർത്ഥമാക്കുന്നത്?

# അട്ടപ്പാടി സെന്ററിന് അദൃശ്യനായ പാസ്റ്റർ

സെന്റർ പാസ്റ്റർ എന്ന അത്ഭുതജീവിയെ ബൈബിൾ അരിച്ചു പെറുക്കി പരിശോധിച്ചാലും കണ്ടെത്താനാവില്ല. എങ്കിലും അജഗളസ്തനം പോലെ പെന്തക്കോസ്തിൽ സെന്റർ പാസ്റ്റർമാർ പ്രശോഭിക്കുന്നുണ്ട്. പക്ഷേ അട്ടപ്പാടിയിലെ ഐ.പി.സി സെന്റർ പാസ്റ്റർ പ്രത്യേക പരിഗണന അർഹിക്കുന്നു എന്ന് ഈയിടെ കണ്ട ഒരു പത്രവാർത്തയിലൂടെയാണു ഗ്രഹിച്ചത്.

ആരാണ് അട്ടപ്പാടി സെന്ററിന്റെ പാസ്റ്റർ? സാക്ഷാൽ റ്റി.എസ്.ഏബ്രഹാം. അനാരോഗ്യം മൂലം റ്റി.എസ്.ഏബ്രഹാമിനു യാത്ര ചെയ്യാൻ പോലും ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് അട്ടപ്പാടി വരെ പോകാൻ കഴിയുമെന്നു തോന്നുന്നില്ല. അങ്ങനെയുള്ള വ്യക്തി എങ്ങനെ അട്ടപ്പാടി സെന്ററിന്റെ ചുമതലകൾ നിർവ്വഹിക്കും? അതോ സെന്റർ പാസ്റ്റർ അദൃശ്യനായി എവിടെയെങ്കിലും ഉണ്ടായിരുന്നാൽ മതി എന്നാണോ? ആകെക്കൂടി ഒരു കൺഫ്യൂഷൻ.

# പാസ്റ്റർ ആഭരണങ്ങൾ തട്ടിയെന്ന്

ആഗസ്റ്റ് 27ന് കേരളകൗമുദി ദിനപ്പത്രത്തിന്റെ വെബ്സൈറ്റിൽ കണ്ട ഒരു വാർത്തയാണ് ഈ കുറിപ്പിന് ആധാരം. കറുകച്ചാൽ സ്വദേശിയായ ഒരു പാസ്റ്റർ ഏഴു ലക്ഷം രൂപയുടെ ആഭരണങ്ങൾ തട്ടിയെടുത്തത്രേ. പ്രവാചകനാണെന്ന് അവകാശപ്പെടുന്ന ഈ പാസ്റ്റർ വലിയ രാഷ്ട്രീയ നേതാക്കൻമാരുടെ വീടുകളിൽ വരെ ചെന്നു പ്രവചിക്കുകയും തട്ടിപ്പു നടത്തുകയും ചെയ്തിട്ടുണ്ടത്രേ.

പ്രാർത്ഥനയും പ്രവചനവും നടത്തി സ്ത്രീകളെ വശീകരിക്കയാണ് ആദ്യപടി. ഇയാളുടെ മായാവലയത്തിൽ അകപ്പെടുന്ന സ്ത്രീകളോട് ഇയാൾ പണം ചോദിക്കും. പണയം വയ്ക്കാനെന്നു പറഞ്ഞ് ആഭരണങ്ങളും വാങ്ങും. പക്ഷേ ഇങ്ങനെ പണയം വയ്ക്കാൻ വാങ്ങുന്ന ആഭരണങ്ങൾ ഒരിക്കലും തിരിച്ചു കൊടുക്കുകയില്ല. ഒരു റിട്ടയേഡ് പോലീസുകാരന്റെ ഭാര്യയെ കബളിപ്പിച്ച് രണ്ടരപ്പവന്റെ ആഭരണങ്ങൾ തട്ടിയെടുത്തതോടെയാണ് തട്ടിപ്പു പുറത്തായത്. നിരവധി ആളുകൾക്ക് ഈ വിധത്തിൽ ആഭരണങ്ങൾ നഷ്ടമായിട്ടുണ്ട്. വിശദ വിവരങ്ങൾ അറിവായി വരുന്നതേയുള്ളു.






# സ്ത്രീകളുടെ ശുശ്രൂഷയും കുറെ വിവാദങ്ങളും

ചർച്ച് ഓഫ് ഗോഡിൽ സ്ത്രീകൾക്കും ഓർഡിനേഷൻ കൊടുക്കാൻ പോകുന്നു എന്നൊരു വാർത്ത ബിലീവേഴ്സ് ജേർണലിൽ കാണുകയുണ്ടായി. ഈ വാർത്തയിൽ എത്രത്തോളം കഴമ്പുണ്ടെന്നറിഞ്ഞുകൂടാ. പക്ഷേ ഈ വിഷയം ചൂടേറിയ ചർച്ചകൾക്കു കാരണമായിട്ടുണ്ട് എന്നതു വാസ്തവം. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണു പറയാനുള്ളത് എന്നു നിരവധി ആളുകൾ ചോദിക്കുകയുണ്ടായി. അതുകൊണ്ട് ഡിഫെൻഡറിന്റെ നിലപാടു വ്യക്തമാക്കട്ടെ.

ദൈവസഭയിൽ അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, ഉപദേഷ്ടാവ് എന്നിങ്ങനെ അഞ്ചുതരം ശുശ്രൂഷകരാണുള്ളത്. ഇവയിൽ ഏതെങ്കിലും ശുശ്രൂഷ സ്ത്രീകൾക്കു ചെയ്യാൻ അനുവാദമുണ്ടോ എന്നാണ് ആദ്യം പരിശോധിക്കേണ്ടത്. സ്ത്രീകൾ അപ്പൊസ്തോലിക ശുശ്രൂഷ ചെയ്തതായി ദൈവ വചനത്തിൽ കാണുന്നില്ല. (ഉണ്ടെങ്കിൽ എവിടെ?)

സ്ത്രീകൾ പ്രവചിച്ചതായി പുതിയനിയമത്തിൽ പറയുന്നുണ്ട്. "പിറ്റെന്നാൾ ഞങ്ങൾ പുറപ്പെട്ടു കൈസര്യയിൽ എത്തി, എഴുവരിൽ ഒരുവനായ ഫിലിപ്പൊസ് എന്ന സുവിശേഷകന്റെ വീട്ടിൽ ചെന്ന് അവനോടുകൂടെ പാർത്തു. അവനു കന്യകമാരും പ്രവചിക്കുന്നവരുമായ നാലു പുത്രിമാർ ഉണ്ടായിരുന്നു." (പ്രവൃ.21:9). സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കണം എന്നു പറഞ്ഞ പൗലോസ് അവർക്കു പ്രവചിക്കാൻ അനുവാദം നൽകുന്നുണ്ട് എന്നതു ശ്രദ്ധേയമാണ്. "മൂടുപടമില്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു; അത് അവൾ ക്ഷൗരം ചെയ്യിച്ചതുപോലെയല്ലോ." (1കൊരി.11:15)

സ്ത്രീകൾക്കു സുവിശേഷകരാകാമോ? ആകാമെന്നതിനു സംശയമില്ല. "കർത്താവിൽ ഏകചിന്തയോടിരിക്കുവാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു. സാക്ഷാൽ ഇണയാളിയായുള്ളോവേ, അവർക്കു തുണനില്ക്കണം എന്ന് ഞാൻ നിന്നോടും അപേക്ഷിക്കുന്നു; ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു." (ഫിലി.4:2-3)

സ്ത്രീകൾ ഇടയശുശ്രൂഷ ചെയ്തതായി ദൈവവചനത്തിൽ കാണുന്നില്ല. പക്ഷേ റോമ.16:1 പലരും ദുർവ്യാഖ്യാനം ചെയ്ത് സ്ത്രീകളെ പാസ്റ്റർമാരാക്കാൻ ശ്രമിക്കാറുണ്ട്. പൗലോസ് പറയുന്നു: "നമ്മുടെ സഹോദരിയും കെംക്രയസഭയിലെ ശുശ്രൂഷക്കാരിയുമായ ഫേബയെ, നിങ്ങൾ വിശുദ്ധൻമാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊണ്ട്, അവൾക്കു നിങ്ങളുടെ സഹായം വേണ്ടുന്ന ഏതു കാര്യത്തിലും സഹായിക്കേണ്ടതിന് ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു. അവളും പലർക്കും വിശേഷാൽ എനിക്കും സഹായം ചെയ്തിരിക്കുന്നു." ഫേബ കെംക്രയസഭയിലെ പാസ്റ്ററായിരുന്നു എന്നാണു പലരും വ്യാഖ്യാനിക്കുന്നത്. ശുശ്രൂഷ എന്ന വാക്കിന് തെറ്റായ വ്യാഖ്യാനം കൊടുക്കുന്നതാണു പ്രശ്നം.

സഭാശുശ്രൂഷകൻ എന്നു പറഞ്ഞാൽ പാസ്റ്റർ എന്നാണു ഭൂരിപക്ഷം പെന്തക്കോസ്തുകാരും മനസ്സിലാക്കുന്നത്. ബിഷപ്പ് എന്നു കേട്ടാലുടൻ പട്ടത്വ സഭകളിലെ ബിഷപ്പിനെപ്പോലുള്ള കക്ഷി എന്നു കരുതുന്നതുപോലെയുള്ള ഒരു പ്രശ്നമാണിത്. ശുശ്രൂഷ എന്നതിനു പാസ്റ്ററുപണി എന്നോ ശുശ്രൂഷകൻ എന്നതിനു പാസ്റ്ററെന്നോ അർത്ഥമില്ല. അതുകൊണ്ടു ഫേബ പാസ്റ്ററായിരുന്നു എന്ന ധാരണ തിരുത്തുക.

പട്ടത്വ സഭകളിലെ ദുരുപദേശങ്ങൾക്കെതിരെ പ്രതികരിക്കുന്നവരാണു പെന്തക്കോസ്തുകാരെങ്കിലും പട്ടത്വ സഭകളിലെ പല നടപടിക്രമങ്ങളും പെന്തക്കോസ്തുകാർ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് ഇന്നത്തെ രീതിയിലുള്ള സഭാഭരണ രീതി. പള്ളിയിൽ അച്ചൻ, അല്ലെങ്കിൽ അച്ചൻമാരുണ്ടാകും. അവരാണു ശുശ്രൂഷകർ. വിശ്വാസികളുടെ വകയായി പള്ളിക്കമ്മറ്റിയുമുണ്ടാകും. പെന്തക്കോസ്തിലെ സ്ഥിതിയും ഇതുതന്നെ. അച്ചൻമാർക്കു പകരം പാസ്റ്റർമാർ. കമ്മറ്റി രണ്ടിടത്തുമുണ്ട്.

ഇതല്ല ശരിയായ രീതിയെങ്കിൽ ശരിയേത് എന്ന ചോദ്യമുയരും. വലിയ ബുദ്ധിമുട്ടു കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണിത്. 1തിമോ.3:1-13 നോക്കുക. അവിടെ അദ്ധ്യക്ഷൻ, ശുശ്രൂഷകർ, ശുശ്രൂഷക്കാരത്തികൾ എന്നിങ്ങനെ മൂന്നു തരം ആളുകളെക്കുറിച്ചു പറയുന്നുണ്ട്. ശുശ്രൂഷക്കാരത്തികൾ എന്നു കാണുന്നില്ലല്ലോ എന്നു പറയുന്നവരുണ്ടാകാം. ശരിയാണ്, നാം ഉപയോഗിക്കുന്ന മലയാളം തർജ്ജമയിൽ ഈ വാക്കില്ല എന്നതു ശരിതന്നെ. പക്ഷേ 11-ാം വാക്യത്തിൽ 'സ്ത്രീകൾ' എന്നു പറഞ്ഞിരിക്കുന്നതു വെറും സ്ത്രീകളേക്കുറിച്ചല്ലെന്നു സന്ദർഭത്തിൽ നിന്നു മനസ്സിലാക്കാം. കാരണം, 13-ാം വാക്യം വരെ ദൈവസഭയിലെ ശുശ്രൂഷകരുടെ യോഗ്യതകളാണു പൗലോസ് വിവരിക്കുന്നത്. അതിനിടയിൽ സാധാരണ സ്ത്രീകളെക്കുറിച്ചു പറയേണ്ട കാര്യമില്ല. ശുശ്രൂഷകൻമാരുടെ ഭാര്യമാരേക്കുറിച്ചാണ് ഇവിടെ പറയുന്നതെന്നാണ് പൊതുവെയുള്ള അഭിപ്രായം. ശുശ്രൂഷകളിൽ സഹായിച്ചിരുന്ന എല്ലാ സ്ത്രീകളേയും ഉദ്ദേശിച്ചാണു പൗലോസ് പറയുന്നതെന്നു കരുതുന്നവരുമുണ്ട്. രണ്ടിൽ ഏതായാലും ദൈവസഭയിൽ ശുശ്രൂഷക്കാരത്തികൾ ഉണ്ടായിരുന്നു എന്നു വ്യക്തം. ഫേബ തന്നെ നല്ല ഉദാഹരണം. ശുശ്രൂഷകൻമാർ, ശുശ്രൂഷക്കാരത്തികൾ എന്നിവരുടെ മേൽനോട്ടക്കാരനായിരുന്നു ബിഷപ്പ് അഥവാ പാസ്റ്റർ. അതുകൊണ്ടു ശുശ്രൂഷകൻ എന്നതു പാസ്റ്റർക്കു മാത്രമുള്ള പേരല്ലെന്നു മനസ്സിലാക്കണം.

ഉപദേഷ്ടാവ് എന്ന പേരിൽ അറിയപ്പെടുന്ന അദ്ധ്യാപകനാണ് അവസാനമായി വരുന്നത്. സ്ത്രീകൾക്ക് ഈ ശുശ്രൂഷ ചെയ്യാമോ? പൗലോസ് പറയുന്നു: "മൗനമായിരിക്കുവാൻ അല്ലാതെ ഉപദേശിക്കുവാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല." 1തിമോ.2:12. ഉപദേശിക്കുക എന്നല്ല പഠിപ്പിക്കുക എന്നതാണ് ശരിയായ തർജ്ജമ. അപ്പോൾ സ്ത്രീക്ക് ഉപദേഷ്ടാവ് അഥവാ അദ്ധ്യാപിക ആയിരിക്കാൻ അനുവാദമില്ല. പക്ഷേ സ്ത്രീകളെയോ കുട്ടികളെയോ സ്ത്രീകൾ പഠിപ്പിക്കുന്നതിൽ തെറ്റില്ല എന്നാണ് പൊതുവെയുള്ള നിലപാട്. പുരുഷനെ പഠിപ്പിക്കാനോ പുരുഷന്റെമേൽ അധികാരം നടത്താനോ സ്ത്രീക്ക് ദൈവവചനം അനുവാദം നൽകുന്നില്ല.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്. സ്ത്രീകൾ അപ്പൊസ്തോലിക ശുശ്രൂഷയോ ഇടയ ശുശ്രൂഷയോ ചെയ്യാൻ പാടില്ല. പക്ഷേ പ്രവചനം, സുവിശേഷവേല എന്നിവ സ്ത്രീകൾക്കു ചെയ്യാവുന്നതാണ്. സ്ത്രീകളെയും കുട്ടികളെയും പഠിപ്പിക്കയും ചെയ്യാം. ആകെയുള്ള അഞ്ചു ശുശ്രൂഷകളിൽ രണ്ടരയെണ്ണം സ്ത്രീകൾക്കു ചെയ്യാം. എല്ലാ പ്രാദേശിക സഭകളിലും ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. അവരുടെ അദ്ധ്യക്ഷനാണു പാസ്റ്റർ.

സ്ത്രീകൾക്ക് ഓർഡിനേഷൻ കൊടുക്കാമോ? പട്ടം കൊടുക്കലാണ് ഓർഡിനേഷൻ എങ്കിൽ അത് ആർക്കും കൊടുക്കാൻ പാടില്ല. പക്ഷേ കൈവച്ചു വേർതിരിക്കലാണ് ഉദ്ദേശിക്കുന്നതെങ്കിൽ ശുശ്രൂഷകൻമാരേയും ശുശ്രൂഷക്കാരത്തികളേയും സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചു വേർതിരിക്കണം.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

**വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:**

**നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.**

- ഡൊമെയ്ൻ രജിസ്റ്റ്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys

Your Web Partner

Ernakulam

Phone: 0484-2592312. Mob: 9895428641

Email: works@scriptinfoways.com

# മരുപ്പച്ച ജനത്തെ തെറ്റിദ്ധരിപ്പിക്കുന്നു

''ആകാശം ഇടിഞ്ഞുവീഴാൻ പോകുന്നു'' എന്നു പറഞ്ഞു ജനത്തെ ഭ്രമിപ്പിച്ച് മുതലെടുപ്പു നടത്താൻ മരുപ്പച്ച ദ്വൈവാരിക പല പ്പോഴും ശ്രമിച്ചിട്ടുണ്ട്. ക്രൈസ്തവപീഢ മരുപ്പച്ചയിൽ സ്ഥിരം വാർത്ത യാകുന്നത് ഈ കാരണത്താലാണ്. കെ.പി.യോഹന്നാൻ കത്തോ ലിക്കാ സഭയിൽ ചേരാൻ പോകുന്നു എന്നു സ്റ്റണ്ടടിച്ചതും മറക്കാ റായിട്ടില്ല. ഇപ്പോഴിതാ സമാനമായ മറ്റൊരു വാർത്തയുമായി മരുപ്പച്ച എത്തിയിരിക്കുന്നു. ബ്രദറൺ സഭകൾ, പെന്തക്കോസ്ത് സഭകൾ തുട ങ്ങിയവയെല്ലാം നിരോധിക്കപ്പെടാൻ പോകുന്നു എന്നാണ് ആഗസ്റ്റ് 20 ലക്കം മരുപ്പച്ചയിൽ പറയുന്നത്.

അങ്കമാലിയിലുള്ള ഒരു ബ്രദറൺ സഭാഹാളിനു സമീപം ദൂര പരിധി ലംഘിച്ച് സർക്കാർ ബാർ ലൈസൻസ് നൽകി. ബ്രദറൺ സഭാ ഹാളിനെ ആരാധനാലയമായി അംഗീകരിക്കേണ്ടതില്ല എന്ന് ഉത്തര വിറക്കിയാണ് ബാർ ലൈസൻസ് നൽകിയതെന്നാണു മരുപ്പച്ച പറയുന്നത്. അങ്ങനെയൊരു ഉത്തരവുണ്ടെങ്കിൽ അതു ഹൈക്കോട തിയിൽ ചോദ്യം ചെയ്യാവുന്നതാണ്. ബ്രദറൺ സഭയ്ക്ക് അനുകൂല മായ വിധി ഉണ്ടാകാനാണ് സാദ്ധ്യത. പക്ഷേ ഈ പ്രശ്നം പർവ്വതീക രിച്ചു കാണിക്കയും അതിലൂടെ മുതലെടുക്കുകയുമാണ് മരുപ്പച്ച.

മുപ്പതിനായിരത്തോളം പ്രാദേശിക സഭകൾ നിരോധിക്ക പ്പെടാൻ സാധ്യത, പെന്തക്കോസ്ത്- ബാപ്റ്റിസ്റ്റ്- ന്യൂജനറേഷൻ- ബ്രദറൺ സഭകളെ ക്രൈസ്തവസഭകളായി അംഗീകരിക്കുവാൻ സർക്കാർ മടിക്കുന്നു, ആരാധനയും വിവാഹവും സ്നാനവും തടയാൻ സാധ്യത.... അങ്ങനെ പോകുന്നു മരുപ്പച്ചയുടെ ഉമ്മാക്കികൾ. പ്രസം ഗിക്കാൻ വിഷയമില്ലാതെ ബുദ്ധിമുട്ടുന്ന പാസ്റ്റർമാർക്ക് ഞായറാഴ്ച ജനത്തെ പിടിച്ചിരുത്താൻ ഈ വാർത്ത സഹായകമായേക്കാം. അതിൽ കവിഞ്ഞ ഒരു പ്രാധാന്യവും ഈ വാർത്തയ്ക്കില്ല. എലിയെ പുലിയാ ക്കുന്ന പരിപാടിയായിപ്പോയി ഇത് എന്നു പറയാതെവയ്യ.

# കേരള സ്റ്റേറ്റ് കൗൺസിൽ പറഞ്ഞതും പറയാത്തതും

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അടുത്ത കാലത്ത് ''പ്രത്യേക അറിയിപ്പുകളും നിർ ദ്ദേശങ്ങളും'' എന്ന പേരിൽ ഒരു സർക്കുലർ എല്ലാ സഭകൾക്കും അയയ്ക്കുകയുണ്ടായി. ഈ നിർ ദ്ദേശങ്ങളിൽ ചിലത് ഇവിടെ വില യിരുത്തുകയാണ്.

''നമ്മുടെ സഭാംഗങ്ങൾ അല്ലാത്തവരിൽ നിന്നു രക്ഷിക്ക പ്പെടുന്നവരെ സ്നാനപ്പെടുത്തു ന്നതിനു മുമ്പ് ഒരു സമ്മതപത്രം എഴുതി വാങ്ങി ഫയലിൽ സൂക്ഷി ക്കേണ്ടതാണ്''.

സഭാംഗങ്ങളിൽ നിന്നു രക്ഷിക്കപ്പെടുന്നവർ എന്നൊരു ഗ്രൂപ്പ് ഉണ്ടെന്നല്ലേ ഇതിന്റെ അർ ത്ഥം? രക്ഷിക്കപ്പെടാത്തവർ എ ങ്ങനെ സഭാംഗങ്ങളായി?

''നമ്മുടെ വിശ്വാസിക ളുടെ വിവാഹ ശുശ്രൂഷകൾ ആ ത്മീയ ശുശ്രൂഷകൾ എന്ന നില യ്ക്കു നടത്തുവാൻ വിശ്വാസി കളെ ബോധ്യപ്പെടുത്തണം.''

വിവരമുള്ള വിശ്വാസി കളെ ഇതു ബോധ്യപ്പെടുത്താൻ പറ്റുമെന്നു തോന്നുന്നില്ല. വിവാ ഹമെന്നതു ശുശ്രൂഷയാണെന്നു ദൈവവചനം വച്ചു തെളിയിക്കു ന്നതെങ്ങനെ? ഏതെങ്കിലും ശു ശ്രൂഷകൻ വിവാഹശുശ്രൂഷ നട ത്തിയതായി പുതിയനിയമത്തിൽ പറയുന്നുണ്ടോ?

''സാമ്പത്തിക വിഷയ ങ്ങളിൽ ക്രമക്കേടുകൾ ഒരു ശു ശ്രൂഷകനിലും ഉണ്ടാകുവാൻ പാടില്ല.''

ശുശ്രൂഷകൻ എന്നതിൽ നേതാക്കൻമാരും ഉൾപ്പെടുമോ? എങ്കിൽ ഭൂരിപക്ഷം നേതാക്കൻ മാരുടേയും കാര്യം കട്ടപ്പൊഹ!

''സഭാനേതൃത്വത്തിനെ തിരെയോ സഭയ്ക്കെതിരെയോ കേസ്സിനും വഴക്കിനും ശുശ്രൂഷ കൻമാർ പോകുവാൻ പാടില്ല.''

മറ്റൊരു പോംവഴിയും ഇല്ലാതായാൽ എന്തു ചെയ്യണ മെന്നുകൂടി പറയണം. ഏതെ ങ്കിലും സുശ്രൂഷകനെ സഭാനേ തൃത്വം അന്യായമായി ഐ.പി. സിയിൽ നിന്നു പുറത്താക്കുന്നു. അയാൾ എന്തു ചെയ്യണം?

''ദൈവജനത്തിനുചിത മായ മാതൃകാപരമായ ജീവിതം നയിക്കാത്തവരെയും ദുർന്നടപ്പു കാരേയും സഭാവിശ്വാസികളായി തുടരുവാൻ അനുവദിക്കരുത്.''

നടന്നാൽ കൊള്ളാം. പക്ഷേ മേൽപ്പടി കുഴപ്പങ്ങളുള്ള പാസ്റ്റർമാരേയും നേതാക്കൻമാ രേയും എന്തു ചെയ്യുമെന്നുകൂടി പറയേണ്ടതായിരുന്നു.

''നമ്മുടെ സഭ പ്രമാണ മില്ലാത്ത ഒരു സമൂഹം ആകു വാൻ പാടില്ല.''

തീർച്ചയായും പാടില്ല. നേതാക്കൻമാരും പാസ്റ്റർമാരും ഈ വാചകം ഇമ്പോസിഷനെ ഴുതി പഠിക്കണം.

''എല്ലാ ശുശ്രൂഷകൻ മാരും സഭകളും സീയോൻ കാ ഹളം വരുത്തണം.''

അതുശരി, അപ്പോൾ മേൽപ്പടി കാഹളം ഇപ്പോഴുമുണ്ട്, അല്ലേ? കൊള്ളാമല്ലോ!

# ചുമ്മാ ഡോ. ആമോസ് സിംഗ് ഖത്തറിൽ?

ആമോസ് സിംഗ് സെപ്റ്റം ബർ ആദ്യയാഴ്ച ഖത്തറിൽ എ ത്തുന്നതായി അറിയാൻ കഴി ഞ്ഞു. ഈ വാർത്ത ശരിയായാ ലും തെറ്റായാലും ദൈവമക്കൾ സൂക്ഷിക്കുക. കടുത്ത ദുരുപദേ ശങ്ങൾ പഠിപ്പിക്കുന്ന ആളാണ് ആമോസ് സിംഗ്.

നമ്മുടെ ചുമ്മാഡോക ളെപ്പോലെ ഇയാളും ചുമ്മാഡോ ആണ്. ദൈവം തനിക്കു പ്രത്യേക മായി നൽകിയതെന്ന് ഇയാൾ ആവകാശപ്പെടുന്ന വെളിപ്പാടുക ളാണ് ഇയാൾ പ്രസംഗിക്കുന്നത്. ഈ വെളിപ്പാടുകൾ ഒന്നാംതരം ദുരുപദേശങ്ങളാണെന്നത് എടു ത്തു പറയേണ്ട വസ്തുതയാണ്.



കഴിഞ്ഞ 30 വർഷമായി ഇയാൾക്ക് ഒരു വിധത്തിലുള്ള രോഗവും ഉണ്ടായിട്ടില്ലെന്നും വി ശ്വാസിക്ക് രോഗമുണ്ടാകുകയി ല്ലെന്നും ആമോസ് സിംഗ് പ്രസം ഗിക്കുന്നു. മോശെയും ഏലി യാവും ദൈവസഭയുടെ അടി സ്ഥാനങ്ങളാണെന്ന് ഇദ്ദേഹം പ്രചരിപ്പിക്കുന്നു. മോശെ അപ്പൊ സ്തോലിക അടിസ്ഥാനവും ഏലി യാവ് പ്രവാചക അടിസ്ഥാനവു മാണത്രേ. ആമോസ് സിംഗ് പ്രസംഗിക്കുമ്പോൾ വലതു വശ ത്ത് മോശെയും ഇടതുവശത്ത് ഏലിയാവും നിൽക്കും. ഇവരുടെ സഹായത്താലാണ് ആമോസ് സിംഗ് പ്രസംഗിക്കുന്നത്.

ഒരു അമ്മയും മകനും, അതല്ലെങ്കിൽ അമ്മയും മകളും ഇയാളുടെ ദർശനത്തിന്റെ സ്ഥിരം വിഷയമാണ്. ഇത്തരം ദർശന ത്തിന് വിചിത്രമായ ചില അർത്ഥ ങ്ങളും ഇയാൾ കൊടുക്കും. ഉദാ ഹരണത്തിന്, ഒരു അമ്മ കുഞ്ഞി നെയും എടുത്തുകൊണ്ട് വട ക്കോട്ട് ഓടുന്നത് ഇയാൾ ദർശ നത്തിൽ കണ്ടു. തെക്കൻ സം സ്ഥാനങ്ങളിൽ നിന്നു വടക്കൻ സംസ്ഥാനങ്ങളിലേക്ക് ഉണർവ്വു വ്യാപിക്കുമെന്നാണ് അതിന്റെ അർത്ഥം. ഒരു കിഴവിയും ഒരു പെൺകുട്ടിയും തമ്മിൽ വഴക്കടി ക്കുന്നത് ഇയാൾ ഒരിക്കൽ കണ്ടു. കിഴവി എന്നത് പെന്തക്കോസ്ത് സഭകൾ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവ സഭകളുമാണ്. കൊച്ചു പെൺകുട്ടി തങ്കുവിന്റെ ഹെവൻലി ഫീസ്റ്റ്. എല്ലാ ക്രൈ സ്തവ സഭകളും തകരും. ഹെ വൻലി ഫീസ്റ്റ് വളരും. ഇങ്ങനെ പോകുന്നു ഇയാളുടെ വെളിപ്പാട്.

# എന്തുകൊണ്ടു ബഥേൽ?



എന്തുകൊണ്ട് അവറാ ന്റെ യോഗം നടത്താനായി ബ ഥേൽ പി. ജേക്കബ് സ്വന്തം സഭാ ഹാൾ വിട്ടുകൊടുത്തു? അബദ്ധം പറ്റിയതാണോ? അല്ല, മനഃപൂർവ്വ മാണ്. അവറാനേക്കുറിച്ച് വേണ്ട ത്ര അറിവില്ലാതെ ചെയ്തതാ ണോ? ആയിരിക്കാൻ വഴിയില്ല. പിന്നെ എന്തുകൊണ്ട് ഇയാൾ ഇങ്ങനെ ചെയ്തു? ഈനാംപേ ച്ചിക്കു മരപ്പട്ടി കൂട്ട്. അതാണു കാര്യം. ബഥേലും അവറാനും ജോൺസൺ ദാനിയേലും ഒരേ തൂവൽ പക്ഷികളാണ്. ദൈവ ഭക്തി ആദായസൂത്രമായി കൊ ണ്ടു നടക്കുന്നു. ജോലി ചെയ്യാ തെ ജീവിക്കാനുള്ള ഒരു മാർഗ്ഗ മാണ് ഇവർക്കു പാസ്റ്ററുദ്യോഗം.

അച്ചിക്കോന്തൻ എന്ന പേരിൽ അറിയപ്പെടാൻ അഭിമാന മുള്ള ആളുങ്ങളാരും തയ്യാറാ കില്ല. പക്ഷേ ഭാര്യയുടെ ശമ്പളം കൊണ്ടാണു ജീവിക്കുന്നതെന്നു പറഞ്ഞു നടക്കാൻ ജോൺസൺ ദാനിയേലിനു ലജ്ജ തോന്നുന്നി ല്ല. ബഥേലും മേൽപ്പടി തന്നെ. ആരും വിളിക്കാതെ, ഭാര്യാസമേ തനായി, അമേരിക്കയിലെത്തി തെണ്ടാൻ അവറാനും നാണം തോന്നുന്നില്ല. നാണം കെട്ടവൻ മാരുടെ ഒരു അവിശുദ്ധ കൂട്ടായ്മ യാണ് ഡാളസ്സിൽ ഉണ്ടായത്. പക്ഷേ ബഥേലിന്റെ സഭയിലു ള്ളവരെങ്കിലും അവറാന്റെ യോഗ ത്തിൽ സംബന്ധിച്ചിരുന്നെങ്കിൽ സാമാന്യം നല്ല ജനക്കൂട്ടമുണ്ടാ കുമായിരുന്നു. പക്ഷേ അവർ പോലും വന്നില്ല. അങ്ങനെയാണ് അവറാന്റെ യോഗം ചീറ്റിയതും അവറാൻ ബ്ലീച്ചടിച്ചതും.

# സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ. വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയ യ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളു.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലു ള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542



# കാനം അച്ചൻ എഴുതണം



''പെന്തക്കോസ്തിലെ ജീർണ്ണതകൾക്കെതിരെ കാനം അച്ചൻ ആഞ്ഞടിക്കുന്നു'' എന്നതായിരുന്നു ആഗസ്റ്റ് 25 ലക്കം ബിലീവേഴ്സ് ജേർണലിന്റെ പ്രധാന തലക്കെട്ട്. ആഞ്ഞടിക്കാൻ ഒരാളെങ്കിലും ഉണ്ടായതിൽ ഡിഫെൻഡർ സന്തോഷിക്കുന്നു.

''ഇവിടെ വിശുദ്ധനാടില്ല, അധികാരത്തിന്റെ സിംഹാസനങ്ങൾ കെട്ടിപ്പൊക്കുന്നവർ തകരും, ഇന്നത്തെ ഇലക്ഷൻ രീതി സഭയിലേക്കു കൊണ്ടുവരുന്നവർ ശപിക്കപ്പെട്ടവർ, വിശ്വാസികൾക്കായി സിനിമാ തിയേറ്ററും ബാറും വരുന്ന കാലം വിദൂരമല്ല'' എന്നീ പോയന്റുകൾ ജേർണലിൽ ഹൈലൈറ്റ് ചെയ്തിരിക്കുന്നു. വിവിധ മാധ്യമങ്ങളിൽ കാനം അച്ചൻ ഈയിടെ എഴുതിയ ലേഖനങ്ങളാണ് ജേർണലിലെ വാർത്തയ്ക്ക് ആധാരം.

ഈലോകത്ത് വിശുദ്ധനാട് എന്നൊന്നില്ല എന്ന് അച്ചൻ പറയുന്നതു സത്യമാണ്. ഭൂമിയും അതിന്റെ പൂർണ്ണതയും ദൈവത്തിനുള്ളതാണ്. അതല്ലാതെ ഒരു നാടിനെ വിശുദ്ധമായി ദൈവം പ്രഖ്യാപിച്ചിട്ടില്ല. തല്പര കക്ഷികൾ ഏതെങ്കിലും നാടിനെ വിശുദ്ധനാടെന്നു വിശേഷിപ്പിക്കുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ ബിസിനസ്സ് താല്പര്യങ്ങളാണുള്ളത് എന്നു വ്യക്തം.

ഇന്നത്തെ ഇലക്ഷൻ രീതി സഭയിൽ കൊണ്ടുവരുന്നവർ ശപിക്കപ്പെട്ടവർ എന്ന് അച്ചൻ പറയുന്നതിനോടു ഡിഫെൻഡറിന് അല്പം വിയോജിപ്പുണ്ട്. കാരണം, ദൈവസഭയിൽ ഇലക്ഷൻ എന്നൊന്നില്ല എന്നതു തന്നെ. ദൈവസഭയുടെ നേതാക്കളായ അപ്പൊസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ തുടങ്ങിയവരെ ദൈവാത്മാവു നിയമിക്കയാണു ചെയ്യുന്നത്. പക്ഷേ ദൈവസഭയെന്ന പേരിൽ മനുഷ്യർ ചില സംഘടനകളൊക്കെ ഉണ്ടാക്കിയിട്ടുണ്ട്. അതിനു ദൈവത്തിന്റെ അംഗീകാരമില്ല. ഈ സംഘടനകളിൽ ഇലക്ഷനോ സെലക്ഷനോ നടത്തുന്നതിൽ ദൈവം ഇടപെടുന്നുമില്ല.

പവ്വർ വിഷനിൽ ഇപ്പോൾത്തന്നെ ബാർ ഹോട്ടലിന്റെ പരസ്യമുണ്ട്. വിശ്വാസികൾക്കായുള്ള ബാർ എന്നത് അസംഭവ്യമല്ല. ''കാനാ ബാർ'' എന്ന പേരുകൂടി ഇട്ടാൽ അന്വർത്ഥമായി.

# തിരുവിതാംകൂർ നിലനിൽക്കുന്നു?

ഐ.പി.സി മദ്ധ്യതിരുവിതാംകൂർ മേഖലാ സമ്മേളനം മഞ്ഞാടിയിൽ നടക്കാൻ പോകുന്നതായി പെന്തക്കോസ്ത് പത്രങ്ങളിൽ വാർത്ത കണ്ടു. തിരുവിതാംകൂറും കൊച്ചിയും മറ്റും ഇല്ലാതായിട്ട് അരനൂറ്റാണ്ടിൽ അധികമായി. 1956 നവംബർ 1ന് കേരള സംസ്ഥാനം നിലവിൽ വന്നു. ഐ.പി.സി ഇതൊന്നും അറിഞ്ഞ മട്ടില്ല. അതിൽ അത്ഭുതവുമില്ല. കാരണം, ഐ.പി.സിയിലെ മേഖലകൾക്കു കൗൺസിലിന്റെ അംഗീകാരമില്ലെന്നു കൗൺസിൽ തന്നെ പ്രഖ്യാപിച്ചിട്ടും മേഖലയും മേഖലാസമ്മേളനവും മറ്റും നടത്തുന്നവർ തിരുവിതാംകൂർ ഇല്ലാതായ കാര്യം അറിയാതെ പോയതിൽ അത്ഭുതമില്ല.




# അഭിഷിക്തൻമാർ പിണങ്ങുമേ......

''അഭിഷിക്തൻ എന്ന അത്ഭുതപുരുഷൻ'' എന്ന തലക്കെട്ടിൽ റ്റി.എസ്.കപ്പമാമ്മൂട്ടിൽ എഴുതിയ ഒരു ലേഖനം കണ്ടു. ഒരു പാസ്റ്ററെ സഹോദരനെന്നു വിളിച്ചതും അനുബന്ധ പ്രശ്നങ്ങളുമാണ് ലേഖനത്തിന്റെ വിഷയം. പാസ്റ്ററെ സഹോദരനെന്നു വിളിച്ച വ്യക്തിയെ വധശിക്ഷയ്ക്കു വിധിക്കാത്തതിൽ സന്തോഷിക്കയല്ലേ വേണ്ടത്. വളരെ അപൂർവ്വം വ്യക്തികൾക്കു മാത്രമേ ഇത്തരം ഒരു ഭാഗ്യമുണ്ടാകൂ. അഭിഷിക്തൻ എന്നു പറഞ്ഞാൽ ആരാണെന്നാ വിചാരം!

ഏതായാലും ലേഖകൻ സൂക്ഷിക്കണം. ഇങ്ങനെയൊക്കെ എഴുതിയാൽ അഭിഷിക്തൻമാർ കോപിക്കും. പിന്നെ എന്തൊക്കെ നടക്കുമെന്നു പറയാനാവില്ല.

അനുബന്ധമായി ഒരു സംഭവകഥ പറയാം. ഏതാനും വർഷം മുൻപ് ഒരു പെന്തക്കോസ്ത് പത്രത്തിൽ വായിച്ചതാണ്.

ചെറുപ്പക്കാരനായ ഒരു പാസ്റ്റർ സ്ക്കൂട്ടർ ഓടിച്ചു വരുന്ന വഴിക്ക് ഒരു ഗട്ടറിൽ ചാടി. വണ്ടി ചരിഞ്ഞു. പാസ്റ്റർ താഴെ വീഴുകയും ചെയ്തു. സംഭവം കണ്ട് പെന്തക്കോസ്തുകാരനായ ഒരു അപ്പച്ചൻ ഓടിയെത്തി പാസ്റ്ററെ താങ്ങി എഴുന്നേൽപ്പിച്ചു. വീണ കക്ഷി വിശ്വാസിയാണെന്നു തോന്നിയതുകൊണ്ട് അപ്പച്ചൻ ''വല്ലതും പറ്റിയോ ബ്രദറേ'' എന്നു ചോദിച്ചു. സ്ക്കൂട്ടർ വലിച്ചു പൊക്കുന്നതിനിടയിൽ പാസ്റ്റർ അല്പം ഈർഷ്യയോടെ ഇങ്ങനെ പറഞ്ഞു: ''ഞാൻ ബ്രദറല്ല പാസ്റ്ററാണ്.''

ഒരു സംശയം: (ഏത് അഭിഷിക്തനും മറുപടി പറയാം:)

അഭിഷിക്തൻ എന്ന വാക്കിന് പാസ്റ്റർ എന്നോ ഓർഡിനേഷൻ കിട്ടിയ വ്യക്തി എന്നോ അർത്ഥം പറയുവാൻ സഹായകമാകുന്ന ഏതു വാക്യമാണു ദൈവവചനത്തിലുള്ളത്?

യാക്കോബിന്റെ മക്കളേക്കുറിച്ച് യഹോവ ജാതികളുടെ രാജാക്കൻമാരോട് ഇപ്രകാരം പറഞ്ഞു: ''എന്റെ അഭിഷിക്തൻമാരെ തൊടരുത്, എന്റെ പ്രവാചകൻമാർക്ക് ഒരു ദോഷവും ചെയ്യരുത്'' (സങ്കീ.105:15). യഹോവയുടെ അഭിഷിക്തൻമാർ എന്നത് യിസ്രായേൽ മുഴുവനാണ്. അതുപോലെ, രക്ഷിക്കപ്പെട്ടവരെല്ലാം പുതിയനിയമകാലത്ത് യഹോവയുടെ അഭിഷിക്തരാണ്.

# കോഴിയെ പരിഗണിച്ചു

'നീലക്കുറുക്കനെ കാണ്മാനില്ല' എന്ന വാർത്തയ്ക്കുള്ള പ്രതികരണമായി ബിലീവേഴ്സ് ജേർണലിൽ ഡോ.കോര ഇങ്ങനെ പറയുന്നു. ''പോക്കുവരവു നടത്തുന്ന വഴിയിൽ നൂറു ഡോളറോ അമേരിക്കക്കുള്ള വിസയോ എറിഞ്ഞു കൊടുത്താൽ ഏതു കുറുക്കനും മടങ്ങിവരും. കോഴികളേയും പരിഗണിക്കും.''

ഡോ.കോര അറിയാതെ പോയ ഒരു കാര്യം ഡിഫെൻഡർ പറയാം. കോഴിയെ പരിഗണിച്ചു കഴിഞ്ഞു. പൂവൻകോഴി ഗസ്റ്റ് റൂമിലും പിടക്കോഴി ബെഡ് റൂമിലും ആണെന്നു മാത്രം. സംശയമുണ്ടെങ്കിൽ റവ.ഡോ.കുറുക്കന്റെ പവ്വർ ഡോ.കോര ഒന്നു കണ്ടു നോക്കൂ.

# ആഗസ്റ്റിൽ രണ്ടു സുഭാഷിതം ജൂലൈയിൽ പത്രം നഹി

നിരവധി പ്രത്യേകതകളുള്ള പത്രമാണ് സി.പി.മോനായിയുടെ സുഭാഷിതം. 2500 കോപ്പി അച്ചടിച്ച് അഞ്ചുലക്ഷം ആളുകളെക്കൊണ്ടു വായിപ്പിച്ച ഏക പത്രം സുഭാഷിതമാണ്. പത്രാധിപരുടെ രണ്ടു ഡസൻ ഫോട്ടോകൾ വരെ ഒരു ലക്കത്തിൽ പ്രസിദ്ധീകരിച്ചു ചരിത്രം സൃഷ്ടിക്കാനും സുഭാഷിതത്തിനു കഴിഞ്ഞു. എല്ലാ ലക്കത്തിലും മോനായിയുടെ നാലഞ്ചു ഫോട്ടോകൾ ഉറപ്പായും ഉണ്ടാകും. എന്തിനേറെ, ധാരാസിംഗിനെ അയാൾ പോലും അറിയാതെ ക്രിസ്ത്യാനിയാക്കാനും സുഭാഷിതത്തിനു കഴിഞ്ഞു. ഇത്രയധികം പ്രത്യേകതകളുള്ള സുഭാഷിതം ഈയിടെ മറ്റൊരു മായാജാലം കൂടി കാണിച്ചു.

സുഭാഷിതത്തിന്റെ ജൂൺ ലക്കം പതിവുപോലെ ജൂൺ 20ന് പുറത്തിറങ്ങി. റ്റി.എസ്.ബാലന് അപമാനകരമായ കുറച്ചധികം വിഷയങ്ങൾ ജൂൺ ലക്കത്തിലുണ്ടായിരുന്നു. അതിനെതിരെ റ്റി.എസ്.ബാലൻ ക്രിമിനൽ കേസ്സ് കൊടുത്തിട്ടുമുണ്ട്. പബ്ലീഷറായ സാലി മോനായിയാണ് ഒന്നാം പത്രി. സാക്ഷാൽ മോനായി രണ്ടാം പ്രതി. മാനേജിംഗ് എഡിറ്ററായ എം.എസ്.സാമുവൽ, ലേഖകനായ സ്റ്റാൻലി ജോർജ് എന്നിവരും പ്രതികളാണ്.

സുഭാഷിതം മാസത്തിൽ ഒന്ന് എന്ന ക്രമത്തിനാണു പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ടു ജൂൺ ലക്കം കഴിഞ്ഞാൽ ജൂലൈ ലക്കം പ്രസിദ്ധീകരിക്കണം. പക്ഷേ അതല്ല ഉണ്ടായത്. ജൂലൈ 20ന് ആഗസ്റ്റ് ലക്കമാണു മാലോകർ കണ്ടത്. എന്തുകൊണ്ട് ഇങ്ങനെ ചെയ്തു എന്ന് ആ പത്രത്തിൽ വിശദീകരിച്ചിരുന്നുമില്ല. വല്ല അബദ്ധവും പറ്റിയതാണോ? ആണെങ്കിൽ അടുത്ത ലക്കത്തിൽ ക്ഷമാപണക്കുറിപ്പു പ്രസിദ്ധീകരിക്കും. അല്പമെങ്കിലും മാന്യതയുള്ള ഏതു പത്രക്കാരനും അങ്ങനെയാണു ചെയ്യുക. അങ്ങനെ ജനം കാത്തിരുന്നു. ആഗസ്റ്റ് 20ന് വീണ്ടും മറ്റൊരു ആഗസ്റ്റ് ലക്കം ഇറങ്ങി. ജൂലൈ ലക്കം നഹി. ആഗസ്റ്റിൽ രണ്ടു ലക്കം. ഒരു വിശദീകരണവും നൽകിയതുമില്ല. ഇതെന്താ മോനായി ഇങ്ങനെ? സമനില തെറ്റിയോ?

# വിശുദ്ധൻ ഫാസിലായി

ഭർത്താവിന്റെ പീഡനം മൂലം ഒറ്റയ്ക്കു താമസിക്കേണ്ടതായി വന്ന ഒരു സഹോദരിയാണ് ഈ വാർത്തയിലെ പ്രധാന കഥാപാത്രം. (സംഭവം നടന്നത് അമേരിക്കയിലാണ്.) ഈ സഹോദരി മോശക്കാരിയാണെന്നു വരുത്തിത്തീർക്കേണ്ടത് ഭർത്താവിന്റെ ആവശ്യമാണ്. അതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനിടയിലാണ് സഭാംഗമായ ഒരു പരമ വിശുദ്ധനെ കണ്ടത്. ഭക്തികൊണ്ട് ഇരിക്കപ്പൊറുതി ഇല്ലാത്ത ആളാണു കക്ഷി. ഭർത്താവിനെ സഹായിക്കാമെന്ന് വിശുദ്ധൻ സമ്മതിച്ചു. അതിനുള്ള പദ്ധതിയും തയ്യാറാക്കി. ഒരു ദിവസം വിശുദ്ധൻ മേല്പടി സഹോദരിയെ ഫോണിൽ വിളിച്ചു. സംഭാഷണം റിക്കാഡ് ചെയ്യുന്നുമുണ്ടായിരുന്നു. ഫാസിൽ എന്നാണു തന്റെ പേരെന്നും ഭർത്താവില്ലാതെ താമസിക്കുന്ന ഈ സഹോദരിയുടെ ലൈംഗീകാവശ്യങ്ങൾ തികച്ചും സൗജന്യമായി നിറവേറ്റിക്കൊടുക്കാമെന്നും വിശുദ്ധൻ അറിയിച്ചു. വിശുദ്ധന്റെ ഹാലേലൂയ്യായും പ്രെയ്സ് ദ ലോഡും സ്ഥിരമായി കേൾക്കുന്ന സഹോദരിക്ക് കക്ഷിയുടെ ശബ്ദം തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായില്ല. ഏതായാലും ഫാസിലിന് ഉചിതമായ മറുപടി കൊടുത്തശേഷം സഹോദരി ഫോൺ വച്ചു. അടുത്ത സഭായോഗത്തിനു വിശുദ്ധനെ കണ്ടപ്പോൾ സഹോദരി ചോദിച്ചു: ''അച്ചായന്റെ പേര് എന്നു മുതലാണു ഫാസിൽ എന്നു മാറ്റിയത്?'' ചോദ്യം കേട്ടു വിശുദ്ധൻ തരിച്ചു നിന്നു. ഭൂമി കറങ്ങുന്നത് ഈ ചങ്ങാതി അന്നു നേരിൽ കണ്ടെന്നാണ് ജനസംസാരം.



# ഉദ്ഘാടകന്റെ ശ്രദ്ധയ്ക്ക്

വെറുതെ വിടാമെന്നു വച്ചാലും ചില മഹാപാപികൾ സമ്മതിക്കില്ല. തല്ലു വാങ്ങിച്ചു കെട്ടിയേ അടങ്ങൂ. വിശുദ്ധ ജോർജ് ഇവരിൽ ഒരാളാണ്. വെഞ്ചാമരത്തലയുമായി നടക്കുന്ന ഈ പരമ പുണ്യാളന്റെ വിക്രിയകളേക്കുറിച്ചു ഡിഫെൻഡറിനു റിപ്പോർട്ടുകൾ കിട്ടിയിരുന്നു. എങ്കിലും നാളിതുവരെ ഒന്നും എഴുതിയില്ല. പ്രായത്തെ മാനിച്ച് അല്പം ദയ കാണിച്ചു. പക്ഷേ ഒരു ദയയും ഇയാൾ അർഹിക്കുന്നില്ലെന്ന് അവറാന്റെ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇയാൾ തന്നെ തെളിയിച്ചിരിക്കയാണ്. ഒരിക്കലും അമേരിക്കയിൽ കാലു കുത്തുകയില്ല എന്ന ഉടമ്പടിയിലാണ് ഈ മഹാപാപിയെ ഏതാനും വർഷം മുൻപു സഭാംഗങ്ങൾ പറഞ്ഞു വിട്ടത്. പക്ഷേ ചില മാസങ്ങൾ കഴിഞ്ഞ് ഇയാൾ മടങ്ങിയെത്തി. ഹൃദയസംബന്ധമായ രോഗങ്ങൾക്കു ചികിത്സ നടത്തണമെന്നും അതു കഴിഞ്ഞാലുടൻ മടങ്ങി പൊയ്ക്കൊള്ളാമെന്നും മറ്റും പറഞ്ഞ് സഭാംഗങ്ങളെ കബളിപ്പിക്കയായിരുന്നു. പ്രശ്നം ആറിത്തണുത്തു എന്നു കണ്ടപ്പോൾ പതുക്കെ ഷൈൻ ചെയ്യാൻ ശ്രമിക്കയാണ്. അതിന്റെ ഭാഗമായാണ് അവറാന്റെ യോഗം ഉദ്ഘാടനം ചെയ്തത്. എങ്കിലും രക്ഷപ്പെടാൻ ഒരവസരം കൂടി ഡിഫെൻഡർ നൽകുന്നു. 2010 സെപ്റ്റംബർ 30ന് അകമായി വിശുദ്ധൻ അമേരിക്ക വിടണം. ഒരിക്കലും മടങ്ങി വരരുത്. ഇനി ഇന്ത്യയിലോ വിദേശത്തോ ഒരു വിധ ആത്മീയ ശുശ്രൂഷയും ചെയ്യരുത്. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ വിശുദ്ധന്റെ ജീവചരിത്രം ഡിഫെൻഡർ വിശദമായി എഴുതും.

# വർഷിപ്പുകാരൻ കൊങ്ങായ്ക്കു പിടിച്ചു

അമേരിക്കയിലുള്ള ഒരു സഭയിൽ നടന്ന സംഭവമാണു പറയാൻ പോകുന്നത്. സഹിക്കാനും വഹിക്കാനും വയ്യാത്തത്ര ആത്മീയതയുള്ള ഒരു വിദ്വാനാണ് കഥാനായകൻ - ശരിക്കു പറഞ്ഞാൽ വില്ലൻ. ഇദ്ദേഹം പ്രെയ്സ് ആന്റ് വർഷിപ്പ് എന്ന കലാപരിപാടിയിൽ വിരുതനാണ്. അതിനുള്ള അവസരങ്ങൾ ലഭിക്കുന്നിടത്തെല്ലാം പോകും. ഷൈൻ ചെയ്യാൻ അവസരം കിട്ടിയില്ലെങ്കിൽ കോപിക്കും. അങ്ങനെ സഭ ചാടി നടന്നു. ഒടുവിൽ ആർക്കും വേണ്ടാതായി. കുറച്ചു കാലം വീട്ടിലിരുന്നു. അപ്പോഴാണ് ആ പ്രദേശത്ത് മറ്റൊരു സഭ വളർന്നു വരുന്നതു ശ്രദ്ധയിൽ പെട്ടത്. ഉടൻ അവിടെ അംഗത്വമെടുത്തു. പ്രെയ്സ് ആന്റ് വർഷിപ്പ് ആരംഭിക്കയും ചെയ്തു.

ആരാധനയെന്ന പേരിൽ ഇയാൾ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ കണ്ടാൽ അല്പമെങ്കിലും നർമ്മബോധമുള്ള ആരും തലതല്ലി ചിരിച്ചുപോകും. പക്ഷേ ആരാധനയല്ലേ, ചിരിക്കാൻ പറ്റുമോ? ഇങ്ങനെയുള്ള ശങ്കകളൊന്നും കുട്ടികൾക്കില്ലല്ലോ. അതുകൊണ്ട് ഇയാളുടെ ഗോഷ്ടി കണ്ടു സഹിക്കാതെ ഒരു കുട്ടി (10 വയസ്സ്) ചിരിച്ചുപോയി. അതോടെ ഗായകൻ കോപിച്ചു. പിറ്റേന്ന് ഈ കുട്ടിയെ കണ്ടപ്പോൾ വിളിച്ച് ഒരു മുറിയിലേക്കു കൊണ്ടുപോയി കഴുത്തിനു പിടിച്ചു ഞെക്കി. പാവം കുട്ടി കണ്ണു മിഴിച്ചുപോയി. ഏതായാലും ഈ സംഭവം പുറത്തറിഞ്ഞു. അതോടെ ഗായകനെ സഭയിൽ നിന്ന് ഔട്ടാക്കി. അമ്മയെ തല്ലിയാലും രണ്ടു പക്ഷം എന്നാണല്ലോ. ഇവിടെയുമുണ്ടായി രണ്ടു പക്ഷം. ഒരു കുട്ടിയുടെ കൊങ്ങായ്ക്കു പിടിച്ചു എന്ന ''ചെറിയ'' കുറ്റത്തിന് ഒരാളെ സഭയിൽ നിന്നു പുറത്താക്കാമോ? അതു മഹാ പാപമല്ലേ. അതുകൊണ്ടു ചിലർ ഗായകനു പിൻതുണ പ്രഖ്യാപിച്ചു. അവരെല്ലാം ചേർന്നു പുതിയ ഒരു സഭയും തുടങ്ങി. (ഈ സഭയ്ക്കു ''കൊങ്ങായ് പെന്തക്കോസ്ത് സഭ'' എന്നു പേരിടണം, പ്ലീസ്.)




# പുഷ്ക്കരനും 'ഡോ' ആയി

''എനിക്കു തിയോളജിയിൽ ഡോക്ടറേറ്റ് കിട്ടിയിരിക്കുന്നു. അതുകൊണ്ട് ഇനി ആരും എന്നെ ബ്രദർ എന്നു വിളിക്കരുത്. പാസ്റ്ററെന്നോ ഡോക്ടറെന്നോ വിളിക്കണം.'' രണ്ടാഴ്ച മുൻപു നടന്ന ഒരു സഭായോഗത്തിൽ പുഷ്ക്കരൻ പ്രഖ്യാപിച്ചു. കേട്ടവരെല്ലാം വണ്ടറടിച്ചു. ഇതെന്തു മറിമായം? ഈ മനുഷ്യന് എന്തു സംഭവിച്ചു?

സംഭവിച്ചതെന്താണെന്നു പിന്നീടു പിടി കിട്ടി. മക്കളെ കാണാനും സുവിശേഷത്തിന്റെ പേരിൽ മറ്റുള്ളവർ വല്ലതും തന്നാൽ വാങ്ങാനുമായി പുഷ്ക്കരൻ ഏതാനും മാസം മുൻപ് അമേരിക്കയ്ക്കു പോയി. അവിടെ വെറുതെ ഇരുന്നു മടുത്തപ്പോൾ ഡോ ആകണമെന്ന മോഹമുദിച്ചു. ഏതാനും ഡോളർ കൊടുത്ത് ഒരു ഡോക്ടറേറ്റ് വാങ്ങുകയും ചെയ്തു. അതുമായി നാട്ടിൽ തിരിച്ചെത്തിയശേഷം സഭയിലെത്തി നടത്തിയ പ്രഖ്യാപനമാണ് മേലുദ്ധരിച്ചത്. കൂടാതെ വീടിന്റെ മുൻപിൽ ഡോ.പുഷ്ക്കരൻ എന്നു ബ്രാസ്സ് പ്ലേറ്റിൽ എഴുതി വയ്ക്കുകയും ചെയ്തു. ഇനി ഒരു ആലിന്റെ കുറവുകൂടിയുണ്ട്. അത് അസ്ഥാനത്തു കിളിർക്കുകകൂടി ചെയ്താൽ എല്ലാം തികഞ്ഞു.

# മതിയാക്കൂ സുജിത്തേ

തൊണ്ടി സഹിതം പിടിക്കപ്പെട്ടാൽ പിന്നെ കള്ളനു നിലനിൽപ്പില്ല. കുറ്റം ഏറ്റു പറഞ്ഞു ശിക്ഷ വാങ്ങുക. അതാണു മാന്യത. പക്ഷേ പെന്തക്കോസ്തിലെ കള്ളൻമാർ അതിനു തയ്യാറാകാറില്ല. അതു കൂടുതൽ പ്രശ്നങ്ങൾക്കു വഴി വയ്ക്കും. സുജിത്ത് ചെയ്യാൻ ശ്രമിക്കുന്നതും ഇതുതന്നെ. സുജിത്തിന്റെ കലാപരിപാടി മാലോകർ തൊണ്ടി സഹിതം പിടിച്ചു. അതിന്റെ ഫോട്ടോ ചിങ്ങവനം ഭാഗത്തുള്ള നിരവധി ആളുകളുടെ കൈയ്യിലുണ്ട്. എന്നിട്ടും സുജിത്ത് അടങ്ങുന്നില്ല എന്നു വന്നാൽ എന്തു ചെയ്യും?

സുജിത് എന്തു ചെയ്യണമെന്നു ഡിഫെൻഡർ പറയാം. വേഗം സ്ഥലം വിടുക. ഇനി ഒരിക്കലും ആത്മീയ ശുശ്രൂഷ ചെയ്യുകയില്ല എന്നു പ്രഖ്യാപിക്കുക. മറ്റെന്തിലും ജോലി ചെയ്തു ജീവിക്കുക. ഇങ്ങനെയൊക്കെ ചെയ്താൽ ഡിഫെൻഡറിനു പണി കുറയും, മനസ്സിലായോ?

# വരുന്നൂ പി.ഒ.ഏലിയാസ് വീണ്ടും അമേരിക്കയിൽ



ഗോസ്പൽ ഇൻ ആക്ഷന്റെ പേരിൽ പണപ്പിരിവു നടത്താനായി പി.ഒ.ഏലിയാസ് വീണ്ടും അമേരിക്കയിലെത്തുന്നു. അനാഥർ, ആദിവാസികൾ, കുഷ്ഠരോഗികൾ, യാചകർ തുടങ്ങിയവരുടെ പേരു പറഞ്ഞ് പണം പിരിച്ച് പി.ഒ.ഏലിയാസ് കോടീശ്വരനായിക്കഴിഞ്ഞു. എന്നിട്ടും പണക്കൊതി തീരുന്നില്ല. അതുകൊണ്ടാണ് വീണ്ടും അമേരിക്കൻ യാത്ര നടത്തുന്നത്. ആഗസ്റ്റ് 19ന് യാത്ര തിരിക്കാനായിരുന്നു പദ്ധതി. പക്ഷേ ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ പി.ഒ.ഏലിയാസിന്റെ യാത്രയേക്കുറിച്ചു വാർത്ത വന്നതോടെ യാത്ര നീട്ടിവച്ചു. എങ്കിലും ഏതു നിമിഷവും ഏലിയാസിനു യാത്ര തിരിക്കാം.

പി.ഒ.ഏലിയാസിന്റെ തട്ടിപ്പുകളെക്കുറിച്ച് ഡിഫെൻഡറിനു നിരവധി പരാതികൾ ലഭിച്ചിരുന്നു. എന്നാൽ ഗോസ്പൽ ഇൻ ആക്ഷന്റെ പ്രവർത്തനത്തിലൂടെ കുറെ സാധുക്കൾക്കു ഗുണമുണ്ടാകുന്നുണ്ട് എന്നതിനാൽ പി.ഒ.ഏലിയാസിനെക്കുറിച്ച് എഴുതാൻ മടിതോന്നി. മാത്രമല്ല ഈ പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്തുള്ള മറ്റുള്ളവർ കുഴപ്പക്കാരുമല്ല. ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു രണ്ടു കിലോമീറ്റർ മാത്രം ദൂരെയാണ് ഗോസ്പൽ ഇൻ ആക്ഷന്റെ ഓഫീസ്. ഈ കാരണങ്ങളാൽ പി.ഒ.ഏലിയാസിനേക്കുറിച്ച് എഴുതുന്നത് നാളിതുവരെ ഒഴിവാക്കിയിരുന്നു.

കഴിഞ്ഞവർഷം പി.ഒ. ഏലിയാസ് അമേരിക്ക സന്ദർശിച്ചപ്പോഴും പലവിധത്തിലുള്ള പരാതികൾ ഡിഫെൻഡറിനു ലഭിച്ചു. എന്തെങ്കിലും ചെയ്യാതെ നിവൃത്തിയില്ല എന്ന സ്ഥിതിയുണ്ടായി. പി.ഒ.ഏലിയാസ് അമേരിക്കയിൽ നിന്നു മടങ്ങി എത്തിയശേഷം ഗോസ്പൽ ഇൻ ആക്ഷന്റെ നേതൃത്വത്തിന് ഡിഫെൻഡർ ഔദ്യോഗികമായി കത്തു നൽകി. അങ്ങനെ ഗോസ്പൽ ഇൻ ആക്ഷൻ നേതൃത്വം ഡിഫെൻഡറുമായി ഒരു ഉടമ്പടിയുണ്ടാക്കി. ഇനി ഒരിക്കലും പി.ഒ. ഏലിയാസിനെ ഗോസ്പൽ ഇൻ ആക്ഷനുവേണ്ടി വിദേശത്തേക്ക് അയയ്ക്കുകയില്ല എന്നായിരുന്നു ആ ഉടമ്പടി. അതനുസരിച്ച് പി.ഒ. ഏലിയാസ് ഒരുടമ്പടി ഡിഫെൻഡറിന് എഴുതി നൽകുകയുമുണ്ടായി. ഇനി ഒരിക്കലും താൻ ഗോസ്പൽ ഇൻ ആക്ഷനുവേണ്ടിയോ സ്വന്ത നിലയ്ക്കോ വിദേശയാത്ര ചെയ്യുകയില്ല എന്നാണ് എഴുതിത്തന്നത്. ഇപ്രകാരം എഴുതി തന്നതുകൊണ്ട് ഡിഫെൻഡർ പി.ഒ.ഏലിയാസിനെതിരെ എഴുതുന്നത് ഒഴിവാക്കി.

ഇപ്പോഴിതാ പി.ഒ.ഏലിയാസ് ഉടമ്പടി തെറ്റിക്കുന്നു. ഗോസ്പൽ ഇൻ ആക്ഷൻ നേതൃത്വത്തിന്റെ സമ്മതം കൂടാതെ അമേരിക്കൻ യാത്ര നടത്തുന്നു. കടുത്ത ദ്രവ്യാഗ്രഹം ഒന്നു മാത്രമാണ് ഈ യാത്രയ്ക്കു കാരണം. ഗോസ്പൽ ഇൻ ആക്ഷന്റെ പേരു പറഞ്ഞ് കോടികൾ സമ്പാദിച്ചു കഴിഞ്ഞു. (വിശദ വിവരങ്ങൾ ഡിഫെൻഡറിന്റെ തുടർന്നുള്ള ലക്കങ്ങളിൽ വായിക്കാം). എന്നിട്ടും പണക്കൊതി തീരുന്നില്ല. ഇത്തരക്കാരെ ദൈവമക്കൾ പ്രോത്സാഹിപ്പിക്കരുത്. ഇത്തവണ പി.ഒ.ഏലിയാസ് അമേരിക്കയിൽ എത്തുമ്പോൾ ''ഗോസ്പൽ ഇൻ ആക്ഷന്റെ ഗോസ്പൽ പണിയാൻ സഹായിക്കണം'' എന്നാകും പറയുക. പഴയ ഓഫീസ് കെട്ടിടം പൊളിച്ചു എന്നതും പുതിയ കെട്ടിടത്തിനു തറ കെട്ടി എന്നതും ശരിയാണ്. പക്ഷേ ഗോസ്പൽ ഇൻ ആക്ഷനു വേണ്ടി എന്നു പറഞ്ഞ് ഇയാൾ പിരിക്കുന്ന പണത്തിന്റെ നല്ലൊരു പങ്ക് സ്വന്തം പോക്കറ്റിലേക്കാണു പോകുന്നത്. അതുകൊണ്ട് പി.ഒ. ഏലിയാസിനെ സഭകളിൽ കയറ്റരുത്. വീടുകളിൽ സ്വീകരിക്കരുത്. ഇയാൾക്കു പണം കൊടുക്കുകയും ചെയ്യരുത്. ഇയാളുടെ പണക്കൊതി അവസാനിപ്പിക്കാൻ വേറെ വഴിയില്ല. ഗോസ്പൽ ഇൻ ആക്ഷനെ സഹായിക്കണമെന്നുള്ളവർ ഗോസ്പൽ ഇൻ ആക്ഷന്റെ ഓഫീസിലേക്കു പണമയയ്ക്കുക. പി.ഒ.ഏലിയാസിന്റെ കൈയ്യിൽ പണമോ ചെക്കോ കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുക.

# കൂടോത്രം എടുത്തു കൊടുക്കപ്പെടും

''കൂടോത്രമുണ്ടോ കൂടോത്രം?'' ഉണ്ടെങ്കിൽ അതു സുരേഷ് കുമാർ എടുത്തു തരും. മായമില്ല, മന്ത്രമില്ല, ശുദ്ധ തട്ടിപ്പു മാത്രം. എന്താ, വിശ്വാസം വരുന്നില്ലേ? എങ്കിൽ സംഭവം നേരിൽ കണ്ടു ബോദ്ധ്യപ്പെടുക.

നിങ്ങളുടെ വീട്ടിലോ ഓഫീസിലോ പുരയിടത്തിലോ കൂടോത്രമുണ്ടെന്നു നിങ്ങൾ സംശയിക്കുന്നു. പ്രശ്നമൊഴിഞ്ഞ നേരമില്ല എന്നതുതന്നെ കാരണം. എന്നും രോഗം. എന്തിനും ഏതിനും നഷ്ടമുണ്ടാകുന്നു. ജോലി ചെയ്യാൻ മനസ്സു വരുന്നില്ല. അങ്ങനെ കൂടോത്രത്തിന്റെ ലക്ഷണങ്ങളെല്ലാം കാണുന്നു. ഉടൻ പരിഹാരം കണ്ടേ മതിയാകൂ. വെറും പ്രാർത്ഥനകൊണ്ടു ഫലമില്ല. പ്രാർത്ഥിച്ചു കൂടോത്രം എടുത്തു കളയണം. അതിനു കൃപയുള്ള പാസ്റ്ററെ കണ്ടെത്തണം.

അപ്പോഴാണു നിങ്ങൾ സുരേഷ് കുമാറിനെക്കുറിച്ചു കേൾക്കുന്നത്. അടൂരിനടുത്താണു കക്ഷിയുടെ താമസം. ഏത്ര ശക്തിയുള്ള കൂടോത്രവും എടുക്കും. ഗൾഫിൽ ചെന്നു കൂടോത്രമെടുത്ത വീരനാണ്. പിന്നല്ലേ ഈ നാടൻ കൂടോത്രം.

അങ്ങനെ നിങ്ങൾ സുരേഷ് കുമാറിനെ ക്ഷണിച്ചു വരുത്തുന്നു. രാത്രിയിലാണു സുരേഷ് കൂടോത്രമെടുക്കുക. ഒഴിവാക്കാനാവാത്ത സാഹചര്യമുണ്ടായാൽ പകലും എടുക്കും. പ്രാർത്ഥനയും മറ്റു ബഹളങ്ങളും കഴിയുമ്പോൾ കൂടോത്രം എവിടെയാണെന്നു സുരേഷിനു വെളിപ്പെടും. വീടിന്റെ കോണിൽ, ഓഫീസിലെ മേശയുടെ അടിയിൽ, മുറ്റത്തു നിൽക്കുന്ന പ്ലാവിന്റെ ചുവട്ടിൽ... അങ്ങനെ എവിടെയെങ്കിലുമായിരിക്കും കൂടോത്രം ഇരിക്കുന്നത്. അതു സുരേഷ് എടുത്തുകൊണ്ടു വന്ന് എല്ലാവരേയും കാണിക്കും. കൈയ്യിൽ ഒതുക്കാവുന്ന സാധനങ്ങൾ മാത്രമേ ഇങ്ങനെ എടുക്കൂ. തകിടിനോടാണു പ്രിയം. പക്ഷേ ഒരിക്കലും തേങ്ങയോ മത്തങ്ങയോ ആകില്ല. അത്ര വലിയ സാധാനം കൈയ്യിൽ ഒളിച്ചു വയ്ക്കാൻ പറ്റില്ലല്ലോ. ഒളിച്ചു പിടിക്കാതെ എടുക്കാനും പറ്റില്ലല്ലോ.

# ബ്ലസ്സിംഗ് പ്രശ്നം: വെബ്സൈറ്റ് പറയുന്നതെന്ത്?

ബർണ്ണാഡ് ബ്ലസ്സിംഗിനെതിരെ വെബ്സൈറ്റിലുള്ള ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു. സ്ഥലപരിമിതിമൂലം പ്രധാന ഭാഗങ്ങൾ മാത്രമാണു ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നത്. വിശദ വിവരങ്ങൾക്ക് താഴെ പറയുന്ന വെബ്പേജ് നോക്കുക: http://www.ccgm.org.au/articles/Articles/ARTICLE-0139.htm

In every good preacher and public speaker there is something of an actor and dramatist. Some are poor actors; some are mediocre; some are good; and some are outstanding - some could out-perform Geoffrey Rush and half of Hollywood. The trouble is that some of religion's best actors are con-artists par excellence. And they don't all live in the USA or India. Some come out of Africa.

Bernard Percy Ankomah Alias Bernard Blessing, from Ghana, is one such consummate religious actor and con-artist. Known as: Rev. Bernard Ankomah, in Africa and the United States of America, he uses the name, Bernard Blessing, in many other countries. He has gone from just plain, Bernard Percy Ankomah/Blessing to 'Reverend' to 'Prophet' to 'Doctor'. Bernard Blessing (hereafter, BPA) knows how to work the crowds. He knows when to shout '*Jesus, Jesus!*' '*Allelujah!*' and '*Amen!*' and to get the crowd clapping and keep them with him. He has congregations in tears as he spins his story about his mother having been a prostitute; his life of terrible poverty; his mistreatment by various Christian teachers and church elders in Ghana; his marriage and the death of his wife. He can even produce his own tears as he tells people about the death of his wife and that he had no real answer when his little daughter, Miracle, asked, *"Why did Jesus take Mummy?"* His presentation of this part of his story has all the pathos of a Hollywood production: bowed and dejected appearance; hesitancy; broken voice; hugging himself in 'grief'; weeping; tears - a real, tear-jerking, 'Oscar' performance!

What BPA doesn't want anyone to know is that his wife, Jackie Naana Afriyie (from a very wealthy family), whom he left/divorced, is very much alive and actually has had custody of their daughter, Miracle, for a number of years. All the stories about his poverty; lack of clothes and shoes; lack of education, and pretty much everything else he uses to impress believers into being sympathetic enough to make generous personal (and other) donations to him, is fabricated fantasy - but he knows how to tell it all soooo... convincingly!!

One Ghanaian, who has known BPA since being in the same youth group in the 1980's, expressed deep concern: "I saw a tape [DVD] of Bernard's testimony and that gave me a shock of my life. I don't know where he got all those lies from. But he makes me sick and I feel bad for knowing him. Bernard is a very dangerous and mad person. He will get people to lie for him...you are dealing with a professional criminal."

Relatives of BPA in Ghana have seen DVD's of BPA's many claims, and dramatic performances, in Australian churches and have described him with comments such as: 'This fellow we are dealing with is a criminal and will stop at nothing to pursue his goals'; '...one who uses the name of our Lord Jesus to defraud others'; 'the man is a loose canon'; a 'false prophet and a con man'; 'he is really a fabricator'; 'he is a wicked, ungrateful liar and a career criminal who will concoct any story and use the name of God to dupe the people who are seeking a relationship with God and are hungry for the Word of God.'

Very thorough research has been conducted to investigate the truth of BPA's many claims. This research included: contact and feedback from a number of BPA's relatives in Ghana - including the family/clan chief/head, Nana Baah Okuampah VII; contacting others who have known him personally; Ghanaians who, while not knowing him personally, know of him, including well-known Pentecostal pastor, Mensa Anamua Otabil; feedback from people and organisations he referred to in his numerous claims; checking and obtaining copies of his school records; having a Ghanaian pastor in Australia return to Ghana to make first hand investigations there. A number of people have had direct involvement in this research, and our LOOKOUT/CCG Ministries Director, Adrian van Leen, has also been directly involved in checking and confirming information gathered and validated, including direct contact with a leading relative of BPA in Ghana. The evidence, that Bernard Percy Ankomah alias Bernard Blessing is an outrageous liar and religious fraud, is overwhelming. We have documentary evidence to support our research.

Bernard Percy Ankomah was born 12th January 1970, in Agona Swedru, Central Ghana. His mother, Agnes Kakra Acquah (affectionately called Sister Esi Kakra) became pregnant with BPA while attending a Secretarial School in Takoradi, Western Ghana. She returned home to Agona Swedru and gave birth to Bernard nine months later - carrying him full term. She stayed in her home city and conti nued her studies. Meanwhile, her mother (BPA's grandmother, and a very successful trader) helped look after BPA while his mother completed her secretarial studies. After graduating, BPA's mother, obtained a secretarial job with the Ghana Cocoa Marketing Board in her home city - a job she held until she retired about 10 years ago. She recently turned 60. She, her twin sister, their two brothers (now deceased), as well as BPA's grandmother, all came from a well-off, very respectable and religious (Christian) family. BPA's aunt (his mother's twin) was a school teacher, with no children of her own. Apart from Boarding school, BPA stayed with his aunt for many years until he finished his secondary education and went to London.

**SOME CLAIMS by BPA:**

1.) *Extreme poverty drove his mother into prostitution* - absolute lies; she came from a very respectable and well-off family in Central Ghana, held a secretarial job and was NEVER a prostitute.

2.) *His mother had 9 brothers, 5 of whom were doctors, all 5 doctors died on the one day (of unknown causes), the other 4 brothers all died later in the same year, some 56 of his relatives have died.* Absolute lies; his mother had only two brothers - neither of them a doctor, one died about 5 years ago after a period of sickness, the other uncle died from a stroke about 4 years ago, a cousin died the same year as one of the uncles - murdered by armed robbers.

3.) *She attempted to abort BPA 7 times and German Dr. Bernard saved his life at 7 months* - absolute lies; there were NO abortion attempts, nor any Dr Bernard involved, his mother carried him to full term with a normal birth.

4.) *After the 7th abortion attempt he lived with his prostitute mother in slums and ended up living in a garage shed with dogs, whose food he ate to survive because no one would give him food, then he lived on the streets as a little boy* - 'that's where I lived most of my life...picking up food from the ground, picking up food from the gutters' - absolute lies; his mother, his aunt and his grandmother gave him the best of care, including food clothing and home - he never lived in sheds/garages, nor did he eat dogs' food, he was never a 'street kid' and was better off than a lot of other boys in his area.

5.) *He had no schooling and learnt to read by watching other boys being tutored at their home while he observed them through a hole in the garage wall.* Absolute lies; he had a good education completing secondary school/high school, and he stayed with his schoolteacher aunt, he was 'Chapel prefect' - 'leader of the Trumpet of Christ chorale group'- and became 'President of the Ghana Methodist Student Association' (we also have some of his Swedru Secondary School records)

6.) *He got himself a scholarship to go to boarding (secondary) school, but had hardly any clothes, no shoes, and no soap with which to wash himself and lived on scraps of food* -absolute lies; he was well cared for by his mother, aunt and grandmother, had food and provisions sent to him at boarding school every weekend, wore Italian shoes and British clothes.

7.) *At secondary school he was locked up, abandoned by a Christian teacher and left to die - and was attacked by spiritual beings, leaving him physically crippled* - absolute lies; he was never crippled, miraculously rescued and able to come out of a locked garage - his family and school records clearly prove this to be another of his many fabrications.

8.) *He converted his prostitute and uneducated mother to Christianity and then, having mainly educated himself, taught his mother to read and write and helped her gain a doctorate (he also has a Master's degree and two separate doctorates)* - absolute lies; his mother came from a very Christian family and had been well educated - but does NOT have any higher degrees and definitely no doctorate. Evidence to support BPA's claim of his own accredited degrees and doctorates is also nowhere to be found.

9.) *'Mother Alice' found him in hospital, took him home, introduced him to Christianity, prepared him for his prophetic ministry* - 'she was the first human being that taught me what love was' *- three years later she died* - absolute lies; he had a very Christian upbringing, his school records show his Bible knowledge, he was actively involved in the Methodist Church during his youth, he didn't go from high school to hospital to be 'adopted' by a 'Mother Alice' - he was shown love by his mother, aunt and grandmother all through his childhood and youth.

10.) *In London he healed Miss Woods of AIDS, converted her doctor, Dr Derroid (Deroyd?) who had been the Vice-President of the Atheist Association of England for 22 years and helped open the doors for many conversions with BPA* - absolute lies; there is no evidence of a Miss Woods, her AIDS or healing, and no trace of any Dr Derroid or the Atheist Association of England (neither exist - no-one is known for holding a vice-presidency for so many years of any atheist or secularist society/association in England - as responses from the British Humanist Association and National Secular Society, plus other research, confirm).

11.) *Former USA Vice-President, Dan Quayle phoned 'Prophet Bernard' to ask for healing for his daughter who was dying from cancer - BPA requested she drink a glass of water and then declared her healed, Dan Quayle requested him at the White House and flew him to the USA in one of the Presidential aircraft.* Absolute lies; Carol Collett, Assistant to Dan Quayle, has confirmed in writing that Dan Quayle does NOT know BPA, has NEVER spoken to him, has NOT flown him to the US or invited him to the White House AND his daughter, Corinne, has always had good health, has NEVER had life-threatening cancer and has NEVER been close to death (as claimed by BPA).

12.) *BPA was invited to an inner circle Labour Party meeting where he 'prophesied' that an unknown Tony Blair would become Prime Minister of Great Britain, later Tony Blair had him visit 10 Downing Street* - absolute lies; Parliamentary documentation reveals that Mr Blair WAS quite well known when BPA declared him unknown, there is no supportive evidence of BPA having been invited to any Labour Party meetings or 10 Downing Street, and Dennis Marcus from the Tony Blair Foundation, after checking with appropriate people at the Office of Tony Blair, has confirmed that BPA isunknown to Tony Blair.

BPA claimed to have prophesied to Bill Clinton about his downfall with Monica Lewinsky, then after BC had ignored BPA he repented and confessed Jesus, witnessed to the Bush family and had regular Bible studies and told BPA about it all; BPA also prophesied (during 2006 and 2007) that God told him Hillary Clinton would become the next President of the United States of America - telling people in Perth to note down his prophecy and check it out when she took on the highest office in America - proving, if nothing else, he is a false prophet!

He has claimed that God told him not to tell his story to the people of Ghana. Ghanaian pastors fight each other, and they 'would give money for BPA to be killed physically'. He was quite vitriolic with his many comments about Ghanaian pastors. He has claimed to personally mentor 700 pastors, and with his mother in-charge, to be building an orphanage to house and school 7,000 children free of charge in Ghana due for completion in 2009; absolute lies - there's no such facility! BPA has been 'defended' by uninformed supporters over a supposed 'disgruntled small group' from Bahrain that had NOT paid BPA following his speaking engagement there - absolute lies; he was paid an honorarium, and then without permission or the organisers' prior knowledge appealed for an extra 'Holy Spirit Offering', leaving Bahrain with thousands of Bahrain Dinars. He has changed the details of 'his ministry' on his website several times, and has used various 'ministry' names. With Bernard Percy Ankomah it's a constantly changing world of fantasy, fabrication, and delusion. A prime example of a storyteller who is NOT what he claims to be.

(ഈ പറയുന്നതൊക്കെയാണു സത്യമെങ്കിൽ ബർണ്ണാഡ് ബ്ലസ്സിംഗ് ഒന്നാം തരം തട്ടിപ്പുകാരനാണെന്നു വ്യക്തം. ഇങ്ങനെയുള്ള ഒരാളെ ദൈവദാസനായി അംഗീകരിക്കാനാവില്ല. സത്യം കണ്ടെത്തുന്നതുവരെ ബ്ലസ്സിംഗിനെ ഒഴിവാക്കുകയാണു വേണ്ടത്. )

RNI No. 68089 / 97
2010 September 1

THE DEFENDER

REGISTERED
KL/ALY/0031/2009-11

# കെ.പി. മാത്യു വായിച്ചറിയാൻ

ഡാളസ്സിലെ ടാബർനാക്കിൾ ഐ.പി.സി സഭയുടെ പാസ്റ്ററായ കെ.പി.മാത്യു വായിച്ചറിയാൻ റ്റി.എസ്.ബാലൻ എഴുതുന്നത്:

ടാബർനാക്കിൾ സഭയിൽ നടമാടുന്ന തോന്ന്യാസങ്ങൾക്കെതിരെ ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ടു പല ആഴ്ചകളായി. പ്രശ്നം രമ്യമായി പരിഹരിക്കാൻ ലഭിച്ച അവസരങ്ങളെല്ലാം കെ.പി.മാത്യുവും കൂട്ടരും വെറുതെ കളഞ്ഞെന്നു മാത്രമല്ല സ്ഥിതിഗതികൾ കുടുതൽ വഷളാക്കാൻ ശ്രമിക്കയും ചെയ്തു. ദൈവത്തെ ഭയമോ മനുഷ്യനെ ശങ്കയോ ഉള്ള ആരും ഇത്ര ഹീനമായി പെരുമാറാൻ ധൈര്യപ്പെടുകയില്ല. പ്രശ്നങ്ങൾ ഇത്രത്തോളം ആയ സ്ഥിതിക്ക് ഇനി എന്തെങ്കിലും പറഞ്ഞതുകൊണ്ടു പ്രയോജനമുണ്ടാകില്ലെന്നറിയാം. എങ്കിലും പറയുകയാണ്. അറിഞ്ഞില്ല, കേട്ടില്ല, ഓർത്തില്ല എന്നൊക്കെ പിന്നീടു പറയാൻ ഇടയാകരുതല്ലോ.

1. ഐ.പി.സി ഉൾപ്പെടെയുള്ള ഒരു സംഘടനയും ദൈവീകമല്ലെങ്കിലും ലോക്കൽ സഭകൾ ദൈവത്തിന്റെ പദ്ധതിയിലുള്ളവയാണ്. അതുകൊണ്ട് ലോക്കൽ സഭകൾക്കു ദോഷം വരുന്ന പ്രവൃത്തികളെല്ലാം ദൈവത്തോടുള്ള വെല്ലുവിളിയാകും. കെ.പി.മാത്യുവും കൂട്ടരും കാട്ടിക്കൂട്ടുന്നതൊക്കെ ടാബർനാക്കിൾ സഭയ്ക്കു ദോഷം ചെയ്യുന്ന കാര്യങ്ങളാണ്. ഇതിലൂടെ നിങ്ങൾ ദൈവത്തെയാണു വെല്ലു വിളിക്കുന്നത്.

2. ആട്ടിൻകൂട്ടത്തെ പോറ്റിപ്പുലർത്തുകയാണ് ഇടയൻ ചെയ്യേണ്ടത്. കാണാതെപോയതിനെ തേടി പോകാനും കണ്ടെത്തുന്നതുവരെ അന്വേഷിക്കാനും ഇടയൻ കടപ്പെട്ടവനാണ്. അതു ചെയ്യാൻ തയ്യാറാകാത്ത വ്യക്തി ഇടയനായിരിക്കാൻ യോഗ്യനല്ല.

3. കേരളത്തിൽ നിന്ന് കെ.പി.മാത്യുവിനെ ഡാളസ്സിൽ കൊണ്ടുവന്നതും ശമ്പളം തന്നു നാളിതുവരെ പോറ്റിയതും സഭയിലെ വിശ്വാസികളാണ്. അവരിൽ ചിലരുടെ പക്ഷം പിടിച്ചുകൊണ്ട് മറ്റുള്ളവരെ ദ്രോഹിക്കുന്നത് നന്ദികേടാണ്.

4. സഭയിലെ വിശ്വാസികൾ അഹോരാത്രം ജോലിചെയ്ത് ഉണ്ടാക്കുന്ന പണമാണ് സഭയുടെ വരുമാനം. ഈ പണത്തിൽ നിന്നാണ് കെ.പി.മാത്യുവിനു ശമ്പളം ലഭിക്കുന്നത്. കെ.പി.മാത്യു ദ്രോഹിക്കയും അവഹേളിക്കയും ചെയ്യുന്ന വിശ്വാസികൾ കൂടി നൽകുന്ന പണം കൊണ്ടാണ് കെ.പി.മാത്യുവും ഭാര്യയും മക്കളും ഭക്ഷണം കഴിക്കുന്നത്. അവർ നൽകിയ വീട്ടിൽ താമസിക്കയും അവർ നൽകുന്ന ഭക്ഷണം കഴിക്കയും ചെയ്തുകൊണ്ട് അവർക്കെതിരെ കരുക്കൾ നീക്കുന്നു. അവരെ ഒരു പാഠം പഠിപ്പിക്കുമെന്നു വീമ്പിളക്കുന്നു. അക്ഷന്തവ്യമായ അപരാധമാണിത്.

5. പത്താം ക്ലാസ്സും കഴിഞ്ഞ് എം.റ്റി.എച്ച്. വരെ പഠിച്ചതിലൂടെ താൻ അത്യുഗ്രൻ വിദ്യാഭ്യാസം നേടിക്കഴിഞ്ഞു എന്നാണ് കെ.പി.മാത്യു ധരിച്ചു വച്ചിരിക്കുന്നത്. പക്ഷേ എം.റ്റി.എച്ച്. ഉള്ള ഭൂരിപക്ഷം ആളുകൾക്കും സെക്യുലർ രംഗത്ത് ഒന്നോ രണ്ടോ മാസ്റ്റർ ഡിഗ്രി ഉണ്ടാകുക സ്വാഭാവികമാണ്. അങ്ങനെയുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ കെ.പി മാത്യുവിന്റെ ഡിഗ്രിക്ക് അത്ര വലിയ തിളക്കമൊന്നുമില്ല എന്നു വ്യക്തമാകും. അതുകൊണ്ട് എം.റ്റി.എച്ചിന്റെ പേരിലുള്ള അഹങ്കാരം അല്പം കുറയ്ക്കുന്നതാണു ബുദ്ധി.



6. ആരൊക്കെ എതിർത്താലും അമേരിക്കയിൽ സ്ഥിരതാമസമാക്കാനുള്ള വിസ നേടിയെടുക്കും എന്നു കെ.പി.മാത്യു വീമ്പിളക്കുന്നു. അതു സാധിച്ചെന്നും വരാം. പക്ഷേ ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയിട്ടും ജീവനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം? വിസ ലഭിക്കാൻ അമേരിക്കൻ സർക്കാർ കനിഞ്ഞാൽ മതി. പക്ഷേ ജീവൻ നിലനിർത്താൻ ദൈവം കൃപ ചെയ്യണം.

7. സഭയിൽ ഇത്രത്തോളം പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും കെ.പി.മാത്യു തിരുവത്താഴം നടത്തുന്നു. സഭയുടെ ഔദ്യോഗിക ഭാരവാഹികൾക്കെതിരെ കേസ്സ് കൊടുത്തശേഷവും ശങ്ക കൂടാതെ തിരുവത്താഴം ആശീർവദിക്കുന്നു. തീകൊണ്ടുള്ള കളിയാണിത്. പൗലോസ് പറയുന്നതു ശ്രദ്ധിക്കുക: ''അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യുവാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാതിരുന്നാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു.'' (1കൊരി.11:27-30). അയോഗ്യമായി തിരുവത്താഴത്തിൽ പങ്കുകൊള്ളുന്നവർക്കുള്ള ശിക്ഷ ഇതാണെങ്കിൽ അയോഗ്യമായി തിരുവത്താഴം നടത്തുന്നവർക്കുള്ള ശിക്ഷ എന്തായിരിക്കും എന്ന് ഊഹിക്കാവുന്നതാണ്. ആകയാൽ കെ.പി.മാത്യു പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കണം. അയോഗ്യമായി തിരുവത്താഴം നടത്തി ശിക്ഷാവിധി വാങ്ങിക്കൂട്ടാതിരുന്നാൽ നന്ന്. ദൈവത്തെ പരിഹസിക്കരുത്. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും.

8. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ അനാരോഗ്യത്തെ കെ.പി.മാത്യു പലവട്ടം പരഹസിച്ചതായി അറിയാം. അതു ഞാൻ ക്ഷമിച്ചിരിക്കുന്നു. പക്ഷേ മറ്റൊരു ദൈവദാസനെ അദ്ദേഹത്തിനുള്ള രോഗത്തിന്റെ പേരിൽ പരസ്യമായി അവഹേളിച്ചത് ഒട്ടും ശരിയായില്ല. രോഗം, ആപത്ത്, മരണം തുടങ്ങിയവ ദൈവത്തിന്റെ നിയന്ത്രണത്തിൽ മാത്രമുള്ള കാര്യങ്ങളാണ്. അതുകൊണ്ട് രോഗിയെ പരിഹസിക്കുന്നവൻ ദൈവത്തെയാണു പരിഹസിക്കുന്നത്. ക്യാൻസർ രോഗിയെ പരിഹസിക്കുന്നവൻ ഓർക്കുക - നിനക്കും ക്യാൻസറുണ്ടാകാം. അങ്ങേയറ്റം നാണം കെട്ട വിധത്തിലുള്ള രോഗമുണ്ടാകാം. നിന്നെ കാണുന്നവർ മൂക്കു പൊത്തിക്കൊണ്ട് ഓടിയെന്നു വരാം.

9. ടാബർനാക്കിൾ സഭയ്ക്ക് ഇന്നത്തെ നിലയിൽ ഏറെക്കാലം തുടരാൻ പറ്റില്ല. ഇരുപക്ഷവും അന്യോന്യം ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യണം. സഭയിൽ സമാധാനമുണ്ടാക്കാൻ കെ.പി.മാത്യു ആത്മാർത്ഥമായി ശ്രമിക്കണം. അതിനു കഴിയുന്നില്ലെങ്കിൽ സഭയിൽ പിളർപ്പുണ്ടാകും. കെ.പി.മാത്യുവായിരിക്കും ഈ പിളർപ്പിന് ഉത്തരവാദി.

10. കെ.പി.മാത്യു ദൈവ കൃപ വിട്ട് ബഹുദൂരം യാത്ര ചെയ്തു കഴിഞ്ഞു. കടുത്ത അഹങ്കാരവും അധികാരമോഹവും ദ്രവ്യാഗ്രഹവും പകയും മൂലം കെ.പി.മാത്യുവിന് ആത്മീയ അന്ധത ബാധിച്ചിരിക്കുന്നു. ഈ പോക്ക് അപകടത്തിലേയ്ക്കാണ്. ആകയാൽ മാനസാന്തപ്പെടുക. ദൈവകൃപയിലേക്കു മടങ്ങി വരുക. ഒരൂണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റവൻ പിന്നീടു കരഞ്ഞെങ്കിലും പ്രയോജനമുണ്ടായില്ല എന്നു കെ.പി.മാത്യു മറക്കരുത്.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan